# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 59 ലക്കം 5 ആഗസ്റ്റ് 2019

**ദുരന്തങ്ങളെയും വൈഷമ്യങ്ങളെയും മറികടന്ന് മുന്നോട്ട് പോകാനാകണം**
**–മുഖ്യമന്ത്രി പിണറായി വിജയൻ**

## വീണ്ടും പ്രളയം

## അതിജീവിക്കാം ഒറ്റക്കെട്ടായി

**പ്രളയാതിജീവനം: കുപ്രചരണങ്ങളെ തള്ളി നാടാകെ ഒന്നിക്കണം**
**–മന്ത്രി എ.സി.മൊയ്തീൻ**






# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ആഗസ്റ്റ് 2019

## അകത്ത്




വീണ്ടും പ്രളയം
അതിജീവിക്കാം ഒറ്റക്കെട്ടായി
ജി. ഹരികൃഷ്ണൻ 5

ദുരന്തങ്ങളെയും വൈഷമ്യങ്ങളെയും മറികടന്ന്
മുന്നോട്ടുപോകാനാകണം - മുഖ്യമന്ത്രി 8

പ്രളയാതിജീവനം:
കുപ്രചരണങ്ങളെ തള്ളി നാടാകെ ഒന്നിക്കണം
മന്ത്രി എ.സി. മൊയ്തീൻ 10

എലിപ്പനിക്കെതിരെ
ജാഗ്രത പുലർത്തണം 12

ഗ്രാമങ്ങളുടെ സ്നേഹവായ്പ് 13

കോട്ടയം ജില്ലയിലെ
വേറിട്ട പദ്ധതികൾ
ഷഫീക്ക് പി.എം. 14

ചക്കയുണ്ടോ?....
ചാക്കിലാക്കി ബ്ലോക്കിലെത്തിക്കൂ...
എം. പത്മകുമാർ 17

പ്രളയകാലത്തെ
അതിജീവിച്ച പാണ്ടനാട്
പ്രകാശ് പി.ജി. 18

ലൈഫ് മിഷൻ:
ഒരുലക്ഷം വീടുകൾ പൂർത്തിയായി 20

പെർമിറ്റ് അദാലത്ത്
38072 അപേക്ഷകളിൽ തീർപ്പ് 22

മാലിന്യസംസ്കരണത്തിൽ
ബഹുജനപങ്കാളിത്തം ഉണ്ടാകണം :
മന്ത്രി എ.സി.മൊയ്തീൻ 23

അഗതിരഹിത
സംസ്ഥാനമാകാൻ കേരളം
ആശ.എസ്. പണിക്കർ 24

ജലജന്യരോഗങ്ങളെ പ്രതിരോധിക്കാം 28

കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം
പുരസ്കാരങ്ങളുടെ നിറവിൽ 30

കൊടുമൺ - പ്രകൃതിസൗഹൃദ ജീവനത്തിന്
ഉദാത്ത മാതൃക
സൈമ എസ്. 35

മാതൃകയായി
ക്ലീൻ പുതുപരിയാരം ഗ്രീൻ പുതുപരിയാരം
എം. രാമൻകുട്ടി 38

പച്ചക്കറികൃഷിക്ക്
മൺചട്ടിയുമായി കുട്ടിലങ്ങാടി
രംജിത പി. 40

പടിയിറങ്ങിപ്പോയ പത്തായം
മുരളീധരൻ തഴക്കര 41


### പംക്തികൾ


കില ന്യൂസ് 32

വാർത്തകൾ വിശേഷങ്ങൾ 34

എന്ന് വായനക്കാർ 42

ആഗസ്റ്റ് 2019
പുസ്തകം 59 ലക്കം 5
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത് രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

# പ്രളയകാല ശുചിത്വ പ്രവർത്തനങ്ങളിൽ നാടൊരുമിക്കുക

പ്രളയത്തിന് ശമനമായിരിക്കുന്നു. കാലവർഷക്കെടുതിയെ തുടർന്ന് ദുരന്തനിവാരണ അതോറിറ്റിയുടെയും ജില്ലാ ഭരണകൂടങ്ങളുടെയും നേതൃത്വത്തിൽ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രാവശ്യവും അഭിമാനപൂർവ്വമായ പ്രവർത്തനങ്ങളാണ് നടത്തിയത്. പ്രളയത്തിൽ കുടുങ്ങി ഒറ്റപ്പെട്ടുപോയവർക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതിലും ദുരിതാശ്വാസ ക്യാമ്പുകളിലും ദുരിതബാധിത പ്രദേശങ്ങളിലും ഭക്ഷണം, മരുന്ന്, കുടിവെള്ളം ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിലും സ്തുത്യർഹമായ സേവനമാണ് പഞ്ചായത്തുകളും നഗരസഭകളും നടത്തിയത്. ജില്ലകളിൽ കളക്ഷൻ സെന്ററുകൾ തുറന്ന് ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള അവശ്യസാധനങ്ങൾ സ്വരൂപിക്കുന്നതിലും അത് അവശ്യമേഖലകളിൽ എത്തിക്കുന്നതിലും കൈകോർത്ത് പ്രവർത്തിച്ച ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.

പ്രളയകാലം ശുചിത്വ കേരളത്തിന് പുതിയ വെല്ലുവിളികൾ സമ്മാനിച്ചിരിക്കുന്നു. സന്നദ്ധ സാമൂഹ്യസംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും വിദ്യാർത്ഥി-യുവജന സംഘടനകളുടെയും എൻ.എസ്.എസ്, എൻ.സി.സി, യൂത്ത് ക്ലബ്ബുകൾ, സ്റ്റുഡൻറ് പോലീസ് കേഡറ്റ്സ്, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ തുടങ്ങിയവരുടെയും സാന്നിധ്യവും പൂർണ്ണ പങ്കാളിത്തവും കൊണ്ട് പ്രളയകാല ശുചിത്വ പ്രവർത്തനങ്ങൾ ശ്രദ്ധേയമായി കഴിഞ്ഞു. പ്രളയക്കെടുതിയിൽ നാശോന്മുഖമായ ഇടങ്ങൾ പൂർണ്ണമായും ശുചിയാക്കുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. ശുചീകരണം അനിവാര്യ ചുമതലയായി ഭരമേൽപ്പിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തന്നെയാണ് ഇതിന് നേതൃത്വം നല്കുന്നത്.

ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവരുടെ വീടുകൾ, തദ്ദേശസ്ഥാപനത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയെല്ലാം മണ്ണും ചെളിയും മാലിന്യങ്ങളും മാറ്റി ശുചീകരിക്കുന്നതിനാണ് മുൻഗണന നല്കുന്നത്. പ്രളയബാധിത പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക്കുകൾ, പ്ലാസ്റ്റിക് കുപ്പികൾ, ഗ്ലാസ്സ്, മെറ്റൽ, റബ്ബർ, ലെതർ, പ്രളയത്തിൽ കേടുപറ്റിയ മെത്ത തുടങ്ങിയവ ഹരിതകർമ്മസേനയുടെയും മറ്റും സഹായത്തോടെ പ്രത്യേകം ശേഖരിച്ചു വരുന്നുണ്ട്. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് അതത് പ്രദേശങ്ങളിലെ എം.സി.എഫ്/ആർ.ആർ.എഫ് കളിൽ സുരക്ഷിതമായി സൂക്ഷിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. വെള്ളമിറങ്ങുന്നതോടെ ജന്തുജന്യരോഗങ്ങളും ജലജന്യരോഗങ്ങളും പടരാനുള്ള സാദ്ധ്യത ഏറെയാണ്. പ്രളയ ബാധിതരും സന്നദ്ധപ്രവർത്തനത്തിനിറങ്ങുന്നവരും എലിപ്പനി പ്രതിരോധ ഗുളികകളും മറ്റു പ്രതിരോധ മരുന്നുകളും കഴിച്ചിരിക്കണമെന്ന ആരോഗ്യവകുപ്പിന്റെ നിർദ്ദേശം പാലിക്കപ്പെടുന്നുവെന്ന് ആരോഗ്യപ്രവർത്തർ ഉറപ്പുവരുത്തണം.

യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്ന ഈ പ്രളയകാല ശുചിത്വ പ്രവർത്തനങ്ങളെ വർഷം മുഴുവൻ നീണ്ടു നില്ക്കുന്ന ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങളുമായി കണ്ണിചേർക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മനസ്സുവയ്ക്കണം. പുതിയൊരു ആരോഗ്യ ശുചിത്വ സംസ്കാരം കെട്ടിപ്പടുക്കാനുള്ള അവസരമായി ഇതിനെ കാണണം. പ്രളയ കാല ശുചിത്വ പ്രവർത്തനങ്ങളിൽ നാടൊരുമിക്കുകയാണ്. മാറ്റത്തിന്റെ നേതൃത്വമായി നമുക്ക് ഓരോരുത്തർക്കും സ്വയം ഉയരാം.

**ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്.**

**"ഒരിക്കലും വീഴാത്തതിലല്ല, വീഴുമ്പോഴൊക്കെ എഴുന്നേൽക്കുന്നതിലാണ് നമ്മുടെ വലിയ മഹാത്മ്യം."**
കൺഫ്യൂഷ്യസ്

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
കവർ ചിത്രം
രാധാകൃഷ്ണൻ പി.ആർ.

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.



# വീണ്ടും പ്രളയം അതിജീവിക്കാം ഒറ്റക്കെട്ടായി

■ ജി. ഹരികൃഷ്ണൻ

**കാലവർഷക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തര നടപടികൾ കൈക്കൊണ്ടു. വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ മരണനിരക്ക് കുറയ്ക്കാൻ സഹായകരമായി.**

2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽനിന്നും കരകയറാനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്ക് കനത്ത ആഘാതമേല്പിച്ച് വീണ്ടും കനത്ത മഴയും പ്രളയവും. മഴക്കെടുതിയിൽ പാലക്കാട്, കണ്ണൂർ, ഇടുക്കി, വയനാട്, മലപ്പുറം ജില്ലകളിൽ വിവിധഭാഗങ്ങളിൽ ഉരുൾപ്പൊട്ടി. നിരവധി മനുഷ്യജീവനുകൾ പൊലിഞ്ഞു. കനത്ത നാശനഷ്ടം ഉണ്ടായി. നദികൾ കരകവിഞ്ഞു. വയനാട് ജില്ലയിലെ പുത്തുമല, മലപ്പുറം ജില്ലയിലെ കവളപ്പാറ എന്നീ ചെറുഗ്രാമങ്ങൾ ഓർമ്മയായി. മഴക്കെടുതിയിൽ 121 പേർ മരണമടഞ്ഞു. മരണസംഖ്യ ഇനിയും വർദ്ധിക്കും. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് 1639 ക്യാമ്പുകൾ തുറന്നു. ഇവിടങ്ങളിൽ 77688 കുടുംബങ്ങളിലെ 247219 ആളുകളെയാണ് പാർപ്പിച്ചിട്ടുള്ളത്. 1789 വീടുകൾ പൂർണ്ണമായും 14542 എണ്ണം ഭാഗികമായും തകർന്നതായാണ് പ്രാഥമിക വിലയിരുത്തൽ. ദുരന്തത്തിന്റ വ്യാപ്തി കണക്കിലെടുക്കുമ്പോൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളാണ് മരണനിരക്ക് കുറയ്ക്കാൻ സഹായകരമായി മാറിയത്. ഇനി അതിജീവനത്തിന്റെ നാളുകളാണ് മുമ്പിലുള്ളത്.

കാലവർഷക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തര നടപടികൾ കൈക്കൊണ്ടിരുന്നു. മന്ത്രി എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ മന്ത്രാലയത്തിനു കീഴിലുള്ള വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും മേധാവികളുടെ യോഗം കൃത്യമായ ഇടവേളകളിൽ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ദുരന്തനിവാരണ



അതോറിറ്റിയുടെയും ജില്ലാഭരണകൂടങ്ങളുടെയും നേതൃത്വത്തിൽ നടക്കുന്ന പ്രളയദുരിതാശ്വാസപ്രവർത്തനങ്ങളിലും ദുരന്തനിവാരണ പ്രവർത്തനങ്ങളിലും ഏർപ്പെട്ട് തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട അടിയന്തര നടപടികളെ സംബന്ധിച്ചുള്ള നിർദ്ദേശം നല്കി. അവധിയിൽ പ്രവേശിച്ചിരുന്നതുൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരെയും അടിയന്തരമായി ജോലിക്ക് ഹാജരാകുന്നതിനും എല്ലാ പഞ്ചായത്ത്, നഗരസഭാ ആഫീസുകളും തുറന്ന് പ്രവർത്തിക്കുന്നതിനും നിർദ്ദേശം നല്കിയതിലൂടെ രക്ഷാപ്രവർത്തനവും ആശ്വാസനടപടികളും അവശ്യമേഖലകളിൽ എത്തുന്നതിന് വേഗമേറി.

ദുരിതാശ്വാസ ക്യാമ്പുകളിൽ ശുദ്ധമായ കുടിവെള്ളവും സാനിട്ടറി സൗകര്യങ്ങളും സജ്ജമാക്കുന്നതിനും ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽനിന്നും തദ്ദേശവാസികളെ രക്ഷിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ നടത്തുന്നതിനും വീടുകളിലും മറ്റ് കെട്ടിടങ്ങളിലും കുടുങ്ങിയവർക്ക് ഭക്ഷണസാധനങ്ങൾ എത്തിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകിയിരുന്നു. ഇതിലൂടെ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നിർവ്വഹിക്കുന്നതിനും ആദിവാസി മേഖലയിലുൾപ്പെടെ ഒറ്റപ്പെട്ടു പോയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് അടിയന്തര സഹായം, മരുന്ന്, കുടിവെള്ളം, ഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിനും സാധിച്ചു.

ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന അടിയന്തര പ്രവർത്തനങ്ങൾക്കുള്ള നടപടികൾ ലഘൂകരിച്ച് ഉത്തരവായിരുന്നു. ഉപയോഗശൂന്യമായ പൊതു കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിച്ച് പ്രവർത്തന യോഗ്യമാക്കാനും ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി സാധനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനും ഇലക്ട്രീഷ്യന്മാരുടെയും പ്ലംബർമാരുടെയും സേവനം പ്രയോജന പ്പെടുത്തുന്നതിനും തുക ചെലവഴിക്കുന്നതിന് അനുവാദം നല്കി. ദുരിതാശ്വാസപ്രവർത്തനവുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകളെയും ഏജൻസികളെയും ചുമതലപ്പെടുത്താത്ത മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് ചുമതലപ്പെടുത്തിയത് പഴുതടച്ചുള്ള രക്ഷാപ്രവർത്തനങ്ങൾക്ക് സഹായിച്ചു.

ആശുപത്രികൾക്ക് ആവശ്യമായ മരുന്നു വാങ്ങി നല്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് വിനിയോഗിക്കാനുള്ള അനുമതി നൽകിയതിലൂടെ ദുരിതബാധിത പ്രദേശങ്ങളിൽ സാംക്രമികരോഗങ്ങളും പകർച്ചവ്യാധികളും തടയുന്നതിന് കഴിഞ്ഞിരുന്നു.

പ്രകൃതി ദുരന്തത്തിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിലേക്കുള്ള റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാഹനങ്ങൾക്ക് കടന്നു പോകാൻ കഴിയുന്ന വിധം ഗതാഗതയോഗ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പ്രകൃതിക്ഷോഭത്തിൽ മരിച്ചവരുടെ സംസ്ക്കാരം ഉചിതമായ രീതിയിൽ നടത്തുന്നതിന് സഹായം ആവശ്യമുള്ളയിടങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ റവന്യൂ അധികൃതരുമായി സഹകരിച്ച് നടപടി സ്വീകരിച്ചു. ക്യാമ്പുകളിലെ അന്തേവാസികൾക്ക് സംസ്ക്കാരചടങ്ങുകളിൽ പങ്കെടുക്കേണ്ടതുണ്ടെങ്കിൽ അതിനായി വാഹന സൗകര്യം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉറപ്പുവരുത്തിയിരുന്നു..

ക്യാമ്പുകളിൽ കുടിവെള്ളം, ഭക്ഷണം, ടോയ്‌ലറ്റ് സൗകര്യം, ശുചിത്വം എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ട്. ടോയ്‌ലറ്റ് സൗകര്യം ലഭ്യമല്ലാത്തയിടങ്ങളിൽ ശുചിത്വ മിഷന്റെ സഹായത്തോടെ താത്ക്കാലിക ടോയിലറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഹൃദയ, കിഡ്നി, കരൾ രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവരും മറ്റ് അസുഖങ്ങൾക്ക് മരുന്ന് കഴിക്കുന്നവരും പാലിയേറ്റീവ് ശ്രദ്ധ ആവശ്യമുള്ളവർ, ഡയാലിസിസ് വേണ്ടവർ എന്നിവരുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ കാര്യങ്ങൾ ആരോഗ്യവകുപ്പുമായി ചേർന്ന് കൈക്കൊള്ളാൻ കുടുംബശ്രീ പ്രവർത്തകർ ശ്രദ്ധിക്കുന്നുണ്ട്. ദുരിതാശ്വാസ ക്യാമ്പിൽ പകർച്ചവ്യാധി പടരാതിരിക്കാൻ പ്രത്യേകം കരുതൽ സ്വീകരിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിലുള്ള കുടുംബശ്രീ പ്രവർത്തകർ ക്യാമ്പ് നടത്തിപ്പിലും ഭക്ഷണം പാകം ചെയ്യലിലും മാലിന്യസംസ്കരണത്തിലും സജീവമായി സഹകരിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ദുരിതക്കെടുതി മൂലമുള്ള മാനസിക ആഘാതത്തെ അതിജീവിക്കാൻ ആവശ്യമായ കൗൺസലിംഗ് കുടുംബശ്രീ മുഖേന



ഏർപ്പാടാക്കി.

ദുരന്ത മേഖലകളിൽ ആവശ്യത്തിന് സാങ്കേതിക വിഭാഗം ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ സേവനം താരതമ്യേന പ്രളയദുരന്തം ബാധിക്കാത്ത തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് പുനർവിന്യസിച്ച് നൽകിയിട്ടുണ്ട്. മുൻവർഷത്തെ പ്രളയത്തിൽ ഓഫീസുകൾക്ക് നാശനഷ്ടം ഉണ്ടായതും ഇപ്പോൾ പ്രളയഭീഷണി ഉള്ളതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫയലുകളും രേഖകളും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാൻ നിർദേശം നൽകിയിട്ടുണ്ട്. ക്യാമ്പുകളിലും മറ്റു ദുരിതമേഖലകളിലും അവശ്യസാധനങ്ങൾ എത്തിക്കുന്നതിനും വീടുകളും സ്ഥാപനങ്ങളും ശുചീകരിക്കുന്നതിന് സന്നദ്ധപ്രവർത്തകരെ എത്തിക്കുന്നതിനും ജില്ലാ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും നേതൃത്വത്തിൽ വിപുലമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

ദുരിതാശ്വാസ നടപടികൾ ഏകോപിപ്പിക്കുന്നതിന് സെക്രട്ടറിയേറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത്, നഗരകാര്യം, ചീഫ് എൻജിനീയർ (LSGD), കുടുംബശ്രീ, ലൈഫ്മിഷൻ, ചീഫ് ടൗൺപ്ലാനർ, ഇൻഫർമേഷൻ കേരള മിഷൻ എന്നീ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും മേധാവികളുടെ ഓഫീസുകളിലും മുഴുവൻ സമയ കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു.

□

# ശുചിത്വം ഉറപ്പാക്കണം

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക്

ദുരിതാശ്വാസ ക്യാമ്പുകളിലും വീടുകളിലും പൊതുയിടങ്ങളിലും വ്യാപാരസ്ഥാപനങ്ങളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിന് അടിയന്തര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്ഥാപനങ്ങളോട് നിർദ്ദേശിച്ചു. (2019 ആഗസ്റ്റ് 12ലെ ഇപിഎ 4/294/2019/തസ്വഭവ നമ്പർ സർക്കുലർ)

വെള്ളപ്പൊക്കത്തിൽ വീട് വിട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കേണ്ടി വന്നവരുടെ എല്ലാ വീടുകളും തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, വെള്ളപ്പൊക്കത്തിൽ വെള്ളം കയറി മണ്ണും ചെളിയും അടിഞ്ഞു കൂടിയ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയവയും മണ്ണും ചെളിയും മാലിന്യങ്ങളും മാറ്റി ശുചിയാക്കി വാസയോഗ്യമാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്തം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി വെള്ളമിറങ്ങിയ സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ശുചിത്വമിഷൻ, കുടുംബശ്രീ, ഹരിതകർമ്മ സേന തുടങ്ങിയവരുടെ പിന്തുണയോടെ ശുചീകരണ പ്രവൃത്തികൾ അടിയന്തരമായി ഏറ്റെടുക്കണം.

ക്യാമ്പുകളിൽ മതിയായ എണ്ണം ശുചിമുറികൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ബയോടോയ്‌ലെറ്റുകൾ, താത്കാലിക ശുചിമുറികൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ശുചിത്വമിഷൻ സ്വീകരിക്കും. കൂടാതെ സ്ത്രീകളായ അന്തേവാസികൾക്ക് സുരക്ഷിതമായ കുളിമുറികൾ ആവശ്യാനുസരണം പ്രത്യേകം സജ്ജീകരിക്കേണ്ടതുമാണ്.

ക്യാമ്പുകളിൽ ആഹാരാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിലേക്ക് വെള്ളക്കെട്ടില്ലാത്തതും മഴനനയാത്തതുമായ ഇടങ്ങളിൽ വളക്കുഴികൾ സ്ഥാപിക്കുന്നുവെന്ന ഉറപ്പു വരുത്തുകയും ക്യാമ്പുകളിലെ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് അതത് പ്രദേശങ്ങളിലെ എം.സി.എഫ്/ആർ.ആർ.എഫ് കളിൽ സുരക്ഷിതമായി സൂക്ഷിക്കുകയും വേണം.

ശുചീകരണത്തിനായി വാർഡ് തലത്തിൽ വോളണ്ടിയേഴ്സ് ടീം രൂപീകരിക്കേണ്ടതും ശുചീകരണ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ വാടകയ്ക്കെടുക്കുകയോ, അതീവ അടിയന്തര സാഹചര്യത്തിൽ മാത്രം വാങ്ങുകയോ ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. ശുചീകരണ പ്രവർത്തനങ്ങൾക്കായി ലഭ്യമായ ശുചീകരണ സാമഗ്രികൾ മതിയാകാതെ വരുന്ന സന്ദർഭങ്ങളിൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമേ നിന്നും വാങ്ങാവുന്നതാണ്. ഇതിനാവശ്യമായി വരുന്ന തുക ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും റീഇമ്പേഴ്സ് ചെയ്യണം.

ശുചീകരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വാർഡുതല വോളണ്ടിയേഴ്സ് ടീമുകളിലേക്ക് വീടുകളുടെ/സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച സന്നദ്ധ സാമൂഹ്യസംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും വിദ്യാർത്ഥി-യുവജന സംഘടനകളുടെയും എൻ.എസ്.എസ്, എൻ.സി.സി, യൂത്ത് ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ തുടങ്ങിയവരുടെയും സേവനം ഉറപ്പുവരുത്തണം. ശുചീകരണത്തിലേർപ്പെട്ടിരിക്കുന്ന സന്നദ്ധപ്രവർത്തകർക്ക് പകർച്ചവ്യാധി തടയുന്നതിനാവശ്യമായ പ്രതിരോധ മരുന്ന് ലഭ്യമാക്കേണ്ടതാണ്.

പ്രളയബാധിത പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക്കുകൾ, പ്ലാസ്റ്റിക് കുപ്പികൾ, ഗ്ലാസ്സ്, മെറ്റൽ, റബ്ബർ, ലെതർ, പ്രളയത്തിൽ കേടുപറ്റിയ മെത്ത തുടങ്ങിയവ ഹരിതകർമ്മസേനയുടെയും മറ്റും സഹായത്തോടെ പ്രത്യേകം ശേഖരിക്കേണ്ടതും തത്കാലം എം.സി.എഫ്/ആർ.ആർ.എഫ് സെന്ററുകളിൽ സൂക്ഷിക്കേണ്ടതും പിന്നീട് ക്ലീൻകേരള കമ്പനിയുടെ പിന്തുണയോടെ സംസ്കരിക്കേണ്ടതുമാണ്.

വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അസിസ്റ്റന്റ് സെക്രട്ടറിമാരെയും നഗരസഭകളിൽ ഹെൽത്ത് ഓഫീസർ/ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

□




# ദുരന്തങ്ങളെയും വൈഷമ്യങ്ങളെയും മറികടന്ന് മുന്നോട്ടുപോകാനാകണം - മുഖ്യമന്ത്രി

**പ്രകൃതിദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട പ്രിയ സഹോദരങ്ങളുടെ സ്മരണയ്ക്ക് മുന്നിൽ പ്രണമിക്കുന്നു. അവരുടെ ബന്ധുജനങ്ങളുടെ സങ്കടത്തിനൊപ്പമാണ് നാം.**

ദുരന്തങ്ങളെയും വൈഷമ്യങ്ങളെയും മറികടന്ന് മുന്നോട്ടുപോകാനാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആത്യന്തികമായി തളരാതെ മുന്നോട്ടു പോകേണ്ടത് നമുക്ക് വേണ്ടി മാത്രമല്ല, വരുംതലമുറയ്ക്ക് വേണ്ടി കൂടിയാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. 73ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് സെൻട്രൽ സ്റ്റേഡിയത്തിൽ ദേശീയ പതാക ഉയർത്തി പരേഡിന് അഭിവാദ്യം സ്വീകരിച്ചശേഷം അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രകൃതിദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട പ്രിയ സഹോദരങ്ങളുടെ സ്മരണയ്ക്ക് മുന്നിൽ പ്രണമിക്കുന്നു. അവരുടെ ബന്ധുജനങ്ങളുടെ സങ്കടത്തിനൊപ്പമാണ് നാം. കഴിഞ്ഞവർഷം ലോകത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റുന്നവിധം ഒരുമയോടെ നാം സഹജാതരെ രക്ഷിക്കാൻ പ്രവർത്തിച്ചു. തുടർന്നുള്ള ഘട്ടത്തിൽ ഒറ്റമനസ്സായി നാടിന്റെ പുനർനവീകരണത്തിനും ശാക്തീകരണത്തിനും സന്നദ്ധതയോടെ, സജ്ജതയോടെ ഇറങ്ങി. ലക്ഷ്യത്തിലേക്ക് കുതിച്ചെത്തുകയായിരുന്ന ഘട്ടത്തിലാണിപ്പോൾ മറ്റൊരു പ്രകൃതിദുരന്തമുണ്ടായത്.

എല്ലാ പ്രതിബന്ധങ്ങളെയും തകർത്ത് ആർജ്ജവത്തോടെ മുന്നേറാനും ആ മുന്നേറ്റത്തിൽ ജീവൻപോലും ബലിയർപ്പിക്കാനും സന്നദ്ധരായ നിരവധിയായ ധീരരക്തസാക്ഷികൾ നേടിത്തന്നതാണ് നമ്മുടെ സ്വാതന്ത്ര്യം. ഭരണഘടനയുടെ മൂല്യങ്ങളെ കൃഷ്ണമണി പോലെ കാക്കുക എന്നതാണ് ഓരോ സ്വാതന്ത്ര്യദിനവും നൽകുന്ന സന്ദേശം. ഈ മൂല്യങ്ങളുടെ സാക്ഷാത്കാരത്തിൽ നാം എത്രത്തോളം മുന്നോട്ടുപോയി എന്നത് പരിശോധിക്കാനുള്ള സന്ദർഭം കൂടിയാണ്. പരിശോധിച്ച് അപാകങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ തിരുത്താൻ കഴിയണം, അദ്ദേഹം പറഞ്ഞു.

# വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പത്തു ലക്ഷം രൂപ

## കാലവർഷക്കെടുതിക്ക് ഇരയായ കുടുംബങ്ങൾക്ക് 10,000 രൂപ അടിയന്തരസഹായം

## വീട് വാസയോഗ്യമല്ലാതായവർക്ക് നാലു ലക്ഷം രൂപ

പ്രളയക്കെടുതിയിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പത്തു ലക്ഷം രൂപ സഹായം നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വീടുകൾ വാസയോഗ്യമല്ലാതായവർക്ക് നാലു ലക്ഷം രൂപയും സ്ഥലം വാങ്ങുന്നതിന് ആറ് ലക്ഷം രൂപയും നൽകും. കാലവർഷക്കെടുതികൾക്ക് ഇരയായവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് എസ്.ഡി.ആർ.എഫ് മാനദണ്ഡങ്ങൾക്കനുസരിച്ച് പതിനായിരം രൂപ വീതം അടിയന്തരസഹായം നൽകും. കൃത്യമായ പരിശോധന നടത്തിയാവും അർഹരെ നിശ്ചയിക്കുക. വില്ലേജ് ഓഫീസറും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും പരിശോധന നടത്തി അർഹരെ കണ്ടെത്തും. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് എസ്.ഡി.ആർ.എഫ് മാനദണ്ഡങ്ങൾക്കനുസരിച്ച് കഴിഞ്ഞ തവണ നൽകിയതു പോലെ സഹായം ലഭ്യമാക്കും.

പ്രകൃതിദുരന്ത സാധ്യത കണക്കിലെടുത്ത് വീടു വിട്ട് ക്യാമ്പുകളിലെത്തിയവരെയും ദുരന്തബാധിത കുടുംബമായി കണക്കാക്കും. ബന്ധുവീടുകളിലേക്ക് മാറിയവരെയും പരിഗണിക്കും. കൃഷിനാശം, മത്സ്യകൃഷിയുടെ നാശം, കുടിവെള്ള പദ്ധതികളുടെയും ജലസേചന പദ്ധതികളുടെയും നാശം, റോഡുകൾ, പൊതുകെട്ടിടങ്ങൾ എന്നിവയുടെ പുനർനിർമ്മാണം എന്നിവയ്ക്ക് കഴിഞ്ഞ പ്രളയകാലത്തെ അതേ മാനദണ്ഡ പ്രകാരം പണം നൽകും. ദുരന്തത്തിനിരയായവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനും വ്യാപാരസ്ഥാപനങ്ങളുടെ കാര്യത്തിൽ ശുപാർശ നൽകാനും മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തി. മന്ത്രിമാരായ ഇ. പി. ജയരാജൻ, ഇ. ചന്ദ്രശേഖരൻ, കെ. കൃഷ്ണൻകുട്ടി, എ. കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരാണ് അംഗങ്ങൾ.

എ. എ. വൈ വിഭാഗങ്ങൾക്ക് 35 കിലോ അരി ഇപ്പോൾ സൗജന്യമായി നൽകുന്നുണ്ട്. ഇവർ ഒഴികെ ദുരന്തം ബാധിച്ച എല്ലാ കുടുംബങ്ങൾക്കും ഒരു കുടുംബത്തിന് 15 കിലോ വീതം അരി സൗജന്യമായി നൽകും. തീരമേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഇതിൽ ഉൾപ്പെടും. നാശനഷ്ടം കണക്കാക്കി കേന്ദ്രസഹായം തേടുന്നതിന് മെമ്മോറാണ്ടം തയ്യാറാക്കാൻ ചീഫ് സെക്രട്ടറി ടോം ജോസിന്റെ നേതൃത്വത്തിലുള്ള സമിതിയെ നിയോഗിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ സംഭാവന കൈമാറി നൽകുന്നതിന് പൊതുമേഖല, സഹകരണ ബാങ്കുകൾ കമ്മിഷൻ ഈടാക്കരുതെന്ന് സംസ്ഥാന ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെടും. ദുരിതബാധിതർക്ക് ആശ്വാസധനസഹായം നൽകുന്ന അക്കൗണ്ടിൽ കുറഞ്ഞ ബാലൻസ് വേണമെന്ന നിബന്ധന ഒഴിവാക്കാനും ആവശ്യപ്പെടും.

ഇത്തവണ ഉരുൾപൊട്ടലാണ് കൂടുതലായുണ്ടായത്. 64 ഓളം ഉരുൾപൊട്ടലുകളാണ് സംസ്ഥാനത്ത് ഉണ്ടായത്. ഇത് കൂടുതൽ മരണത്തിന് വഴിവച്ചു. പ്രളയതീവ്രതയും ദുരന്തത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് അർഹമായ വില്ലേജുകളെ പ്രളയബാധിത പ്രദേശമായി നിശ്ചയിച്ച് വിജ്ഞാപനമിറക്കും. ദുരന്തനിവാരണ നിയമവും ചട്ടവും അനുസരിച്ച് വിജ്ഞാപനമിറക്കുന്നതിന് ദുരന്തനിവാരണ അതോറിറ്റിക്ക് നിർദ്ദേശം നൽകും. ദുരന്തതീവ്രത വർധിപ്പിച്ച പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കും. കേരളത്തിന് ഈ ഘട്ടത്തിൽ ലഭിക്കുന്ന നിയമാനുസൃതമായ ഏതു സഹായവും സ്വീകരിക്കും. കഴിഞ്ഞ വർഷത്തെ പ്രളയത്തിലുണ്ടായത് 31,000 കോടിയുടെ നഷ്ടമെ





# പ്രളയാതിജീവനം: കുപ്രചരണങ്ങളെ തള്ളി നാടാകെ ഒന്നിക്കണം

## മന്ത്രി എ.സി. മൊയ്തീൻ

തെറ്റായതും ജനവിരുദ്ധവുമായ പ്രചരണങ്ങളെ തള്ളിക്കളഞ്ഞ് കേരളത്തിന്റെ പ്രളയാതിജീവനത്തിന് നാടാകെ ഒന്നിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. പ്രളയം ബാധിച്ച ആയിരകണക്കിന് പേർ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്. നൂറിലധികംപേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പ്രളയത്തിന്റെ ഇരകളായവരുടെ അതിജീവനത്തിനും പുനരധിവാസത്തിനും നാട് ഒന്നിക്കേണ്ട സമയമാണിത്. ദുരിതത്തിൽ അകപ്പെട്ടവർക്ക് ആശ്വാസം നൽകാനായി വിശ്രമമില്ലാത്ത പ്രവർത്തനങ്ങളിലാണ് സർക്കാർ സംവിധാനങ്ങളാകെ. ഇതുവരെ രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കുന്നതിലും മറ്റുംമെച്ചപ്പെട്ട ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ദുരിതത്തിൽ അകപ്പെട്ടവർക്ക് കൈത്താങ്ങാകാൻ ജാതി - മത ചിന്തകൾക്കതീതമായി നമുക്ക് സാധിക്കണം. ഇതിന് കൂട്ടായ പരിശ്രമവും മനുഷ്യ സ്നേഹികളുടെ സഹായങ്ങളും കൂടിയേ തീരൂ. പുന്നയൂർക്കുളത്ത് പ്രളയത്തിൽ തകർന്ന വൈദ്യുതി ടവർ

ന്നാണ് യു. എൻ. ഏജൻസി കണ്ടെത്തിയത്. ഇപ്പോഴുണ്ടായ ദുരന്തത്തോടെ പുനർനിർമ്മാണത്തിന്റെ വ്യാപ്തി വർധിച്ചിരിക്കുകയാണ്. പരമാവധി വിഭവസമാഹരണമാണ് മുന്നിലുള്ള ലക്ഷ്യം. കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ നിന്ന് കരകയറി വരുന്ന ഘട്ടമാണിത്. നഷ്ടങ്ങൾ നികത്തി വരുന്നതേയുള്ളൂ.

ജീവിതം സാധാരണ നിലയിൽ പുനസ്ഥാപിക്കുക എന്ന ദൗത്യമാണ് ഇപ്പോൾ മുന്നിലുള്ളത്. ഇതിന് സർക്കാരിനൊപ്പം എല്ലാവരും അണിനിരക്കണം. എത്ര ചെറിയ തുകയും ചെറുതല്ലെന്നും എത്ര വലിയ തുകയും വലുതല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. രക്ഷാപ്രവർത്തനത്തിന് കേന്ദ്ര സഹായം നല്ല രീതിയിൽ ലഭിച്ചു. നഷ്ടപ്പെട്ട പാഠപുസ്തകങ്ങളും വിവിധ തരം സർട്ടിഫിക്കറ്റുകളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. സർട്ടിഫിക്കറ്റുകൾ നൽകാൻ അദാലത്തുകൾ നടത്തും.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സുതാര്യവും ആർക്കും പരിശോധിക്കാവുന്നതുമാണ്. അർഹതയുള്ളവർക്ക് മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. എന്തെല്ലാം ദുഷ്പ്രചാരണങ്ങൾ ഉണ്ടെങ്കിലും സത്യാവസ്ഥ ബോധ്യമായവർ സംഭാവന നൽകാൻ മുന്നോട്ടു വരുന്നുണ്ട്. കേരളത്തിന്റെ സി.എം.ഡി.ആർ.എഫിനോട് സാമ്യമുള്ള അഡ്രസ് ഉണ്ടാക്കി പണം തട്ടാനുള്ള നീക്കം ദുരിതാശ്വാസ നിധി മുടക്കാൻ മാത്രമല്ല, കൊള്ളയടിക്കാനുള്ള ശ്രമം കൂടിയാണ്. ഇതിനെ ശക്തമായി നേരിടും.

സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തും. ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശങ്ങളിൽ വീടുവയ്ക്കാൻ പറ്റില്ല. ഇവിടെ കഴിഞ്ഞവർക്കായി സ്ഥലം വാങ്ങി വീടു വയ്ക്കേണ്ടിവരും. നമ്മുടെ നിർമ്മാണ രീതികൾ മാറേണ്ടതുണ്ട്. ഇപ്പോഴും മണ്ണും കല്ലും ഉപയോഗിച്ചുള്ള നിർമ്മാണമാണ്. വികസിതരാഷ്ട്രങ്ങളിൽ പ്രീഫാബ്രിക്കേറ്റഡ് കെട്ടിടങ്ങളാണുള്ളത്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം

പുനഃസ്ഥാപിക്കാനുള്ള ജോലിക്കായി യാത്ര ചെയ്യുന്നതിനിടെ തോണി മറിഞ്ഞ് മരിച്ച കെഎസ്ഇബി എഞ്ചിനീയർ ബൈജുവിനെപ്പോലുള്ളവരുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങളാണ് ഈ നാടിന്റെ അതിജീവനം സാധ്യമാക്കുന്നത്.

എന്നാൽ ഈ ദുരന്തസമയത്തും ജനവിരുദ്ധവും ഹീനവുമായ പ്രചാരണമാണ് സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പടെയുള്ളവ വഴി ചിലർ അഴിച്ചുവിടുന്നത്. മലയാളികളുടെ ഐക്യബോധത്തെ തകർക്കാനുള്ള ഇത്തരം ശ്രമങ്ങൾക്കെതിരെ ജാഗ്രതപുലർത്തണം. ദുരന്തബാധിതപ്രദേശങ്ങളിൽ നിരവധിയായ പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതായിട്ടുണ്ട്. ശുചീകരണപ്രവർത്ത നങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും മറ്റും പൊതുസമൂഹത്തിന്റെ ഇടപെടൽ അനിവാര്യമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എല്ലാവിഭാഗം ജനങ്ങളും കഴിയാവുന്ന നിലയിൽ സംഭാവന നൽകി നാടിന് കൈത്താങ്ങാവണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഭരണഘടനാ മൂല്യങ്ങളും രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവവും നിലനിർത്താൻ പരിശ്രമിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്. ഇന്ന് ഈ മൂല്യങ്ങൾ വലിയ വെല്ലുവിളികളാണ് നേരിടുന്നത്. ഇവയ്ക്കെതിരെ നാം ജാഗരൂകരാകണമെന്നും സ്വാതന്ത്ര്യദിനാഘോഷം പ്രളയാനന്തര അതിജീവന പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തുപകരാൻ പ്രചോദനം നൽകട്ടെയെന്നും മന്ത്രി പറഞ്ഞു.

*(73-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി തൃശ്ശൂർ തേക്കിൻകാട് മൈതാനിയിലെ വിദ്യാർഥി കോർണറിൽ മന്ത്രി എ. സി. മൊയ്തീൻ നല്കിയ സ്വാതന്ത്ര്യദിന സന്ദേശത്തിൽ നിന്നും.)*



# ദുരിതത്തിലായ വീടുകൾ നന്നാക്കാൻ 3000 കുടുംബശ്രീ പ്രവർത്തകർ രംഗത്ത്

പ്രളയത്തിലും കനത്ത മഴയിലും തകരാർ സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കുടുംബശ്രീയുടെ പരിശീലനം നേടിയ 3000 പ്രവർത്തകർ രംഗത്ത്. ഇവരുടെ സേവനം എല്ലാ ജില്ലകളിലും ലഭിക്കും. വീടുകൾ വൃത്തിയാക്കുന്നതിനു പുറമെ പ്ലംബിംഗ് ജോലികളും വൈദ്യുതി തകരാറുകളുടെ പരിഹാരവും വീടിന്റെ മറ്റ് അറ്റകുറ്റപ്പണികളും ഇവർ നിർവഹിക്കും. കഴിഞ്ഞ പ്രളയത്തിനു ശേഷം ഉപജീവന പ്രവർത്തന ശിൽപശാല കുടുംബശ്രീയുടെ നേതൃത്വത്തിൽ അംഗങ്ങൾക്ക് നടത്തിയിരുന്നു. ഇതിൽ പരിശീലനം ലഭിച്ച വനിതകളാണ് സഹായവുമായെത്തുന്നത്.

കഴിഞ്ഞ പ്രളയത്തിൽ വീട് തകർന്ന 120 പേർക്ക് വീടു വച്ചു നൽകാൻ റാമോജി ഫിലിംസിറ്റി അധികൃതർ തയ്യാറായിരുന്നു. ഇതിൽ 80 വീടുകൾ നിർമ്മിച്ചത് കുടുംബശ്രീയാണ്.

വേണ്ടിവരും. സർക്കാർ സ്ഥാപനങ്ങൾക്കായി ഇത്തരം കെട്ടിടങ്ങൾ നിർമ്മിച്ച് മാതൃക കാട്ടും.

നദികളിലെ വെള്ളം ഒഴുകിപ്പോകാൻ വിപുലമായ സംവിധാനം ഒരുക്കേണ്ടിവരും. നെതർലൻഡ്സിലെ റൂം ഫോർ റിവർ എന്ന ആശയം ഇവിടെ പ്രയോജനപ്പെടുത്താനാവും. അതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കും. വെള്ളം ഒഴുകുന്ന തോട് പലയിടത്തും നികത്തിയിരിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

*(വിവിധ പത്രസമ്മേളനങ്ങളിൽ നിന്നു തയ്യാറാക്കിയത്)*





കരൾ, വൃക്ക, തലച്ചോർ, ശ്വാസകോശം തുടങ്ങിയ ആന്തരാവയവങ്ങളെ ബാധിക്കുകയും രോഗിയുടെ ജീവൻ തന്നെ അപകടത്തിലാവുകയും ചെയ്യും.

രോഗാണുവാഹകരായ എലി, അണ്ണാൻ, പശു, ആട്, നായ എന്നിവയുടെ മൂത്രം, വിസർജ്ജ്യം കലർന്ന വെള്ളവുമായി സമ്പർക്കം വരുന്നവർക്കാണ് രോഗം പകരുന്നത്. തൊലിയിലുള്ള മുറിവുകളിൽ കൂടിയോ കണ്ണ്, മൂക്ക്, വായ വഴിയോ രോഗാണു മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നു. രോഗാണു ശരീരത്തിൽ പ്രവേശിച്ച് കഴിഞ്ഞാൽ 4 മുതൽ 20 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടമാവും. ലെപ്റ്റോസ്പൈറ ജനുസിൽപ്പെട്ട ഒരിനം സ്പൈറോകീറ്റ മനുഷ്യരിൽ ഉണ്ടാക്കുന്ന ജന്തുജന്യരോഗമാണ് എലിപ്പനി. പ്രളയ ബാധിത മേഖലകളിലെ പകർച്ചവ്യാധികളിൽ ഏറ്റവും പ്രധാനമാണിത്. ജീവികളുടെ മലമൂത്ര വിസർജ്യം ജലത്തിൽ കലർന്നാണ് എലിപ്പനി പടരുന്നത്.

# എലിപ്പനിക്കെതിരെ ജാഗ്രത പുലർത്തണം

**ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും മലിനജലവുമായി സമ്പർക്കം വന്നവരും ഡോക്സിസൈക്ലിൻ ഗുളിക 200 mg (100 mg രണ്ട് ഗുളിക) ആഴ്ചയിലൊരിക്കൽ കഴിച്ചിരിക്കണം. മലിനജലവുമായി സമ്പർക്കം തുടരുന്നത്രയും കാലം ഡോക്സിസൈക്ലിൻ പ്രതിരോധം തുടരണം.**

പ്രളയ സാഹചര്യത്തിൽ എലിപ്പനിക്കെതിരെ ആരോഗ്യപ്രവർത്തകരും ജനങ്ങളും ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ മന്ത്രി കെ. കെ. ശൈലജ ടീച്ചർ അറിയിച്ചു. മലിനജലവുമായി സമ്പർക്കം വരുന്ന അവസരങ്ങളിൽ വ്യക്തി സുരക്ഷാ ഉപാധികൾ (കയ്യുറ, മുട്ട് വരെയുള്ള പാദ രക്ഷകൾ, മാസ്ക് എന്നിവ) ഉപയോഗിക്കണം. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും മലിനജലവുമായി സമ്പർക്കം വന്നവരും ഡോക്സിസൈക്ലിൻ ഗുളിക 200 mg (100 mg രണ്ട് ഗുളിക) ആഴ്ചയിലൊരിക്കൽ കഴിച്ചിരിക്കണം. മലിനജലവുമായി സമ്പർക്കം തുടരുന്നത്രയും കാലം ഡോക്സിസൈക്ലിൻ പ്രതിരോധം തുടരണം. എലിപ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടുകയോ ആശുപത്രികളെ സമീപിക്കുകയോ ചെയ്യണം. സ്വയം ചികിത്സ ചെയ്യരുത്.

പനി, പേശി വേദന (കാൽ വണ്ണയിലെ പേശികളിൽ) തലവേദന, വയറ് വേദന, ഛർദ്ദി, കണ്ണ് ചുവപ്പ് എന്നിവയാണ് എലിപ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ. ഇവ കാണുമ്പോൾ തന്നെ ശരിയായ ചികിത്സ നൽകുകയാണെങ്കിൽ പൂർണ്ണമായും ഭേദമാക്കാനാവും. ആരംഭത്തിൽ ചികിത്സ ലഭിക്കാത്ത അവസ്ഥയിൽ രോഗം മൂർച്ഛിച്ച്





പ്രകൃതിദുരന്തത്തിൽ ദുരിതമനുഭവിക്കുന്ന വടക്കൻ ജില്ലകൾക്ക് സഹായവുമായി തിരുവനന്തപുരത്തെ ഗ്രാമങ്ങൾ. ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടന്ന വിഭവ സമാഹരണയജ്ഞം വൻവിജയമായപ്പോൾ ജില്ലാ പഞ്ചായത്തിലെ കളക്ഷൻ പോയിന്റിലേക്ക് സഹായപ്രവാഹം. ദുരിതാശ്വാസ സാമഗ്രികളുമായി ലോറികൾ കളക്ഷൻ പോയിന്റിൽ നിന്ന് ദുരിതബാധിത പ്രദേശങ്ങളിലേക്ക് തിരിച്ചു.

കെഎംഎസ്ആർഎ, ജില്ലാ ആശുപത്രികൾ, പാലിയേറ്റീവ് യൂണിറ്റുകൾ, ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള മെഡിക്കൽ ഷോപ്പുകൾ എന്നിവ ചേർന്ന് സമാഹരിച്ച 15 ലക്ഷം രൂപയുടെ അവശ്യ മരുന്നുകളുടെ ലോഡ് ധനമന്ത്രി ടി.എം. തോമസ് ഐസക്ക് ഫ്ലാഗ് ഓഫ് ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ കളക്ഷൻ പോയിന്റ് സന്ദർശിച്ച് നിർദേശങ്ങൾ നൽകി. ദുരിതമനുഭവിക്കുന്നവരോട് സഹാനുഭൂതിയോടെ പൊതുജനങ്ങളും അകമഴിഞ്ഞ് സഹായിച്ചതിനാലാണ് വിഭവസമാഹരണം വൻവിജയമായതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു അറിയിച്ചു.



# ഗ്രാമങ്ങളുടെ സ്നേഹവായ്പ്

## തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കളക്ഷൻ പോയിന്റിൽ സഹായപ്രവാഹം

രണ്ടു ദിവസമായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രങ്ങളിലും വിവിധ സ്കൂളുകളിലും കളക്ഷൻ പോയിന്റുകൾ പ്രവർത്തിച്ചുവരികയാണ്. ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികളും ജീവനക്കാരും മറ്റ് സന്നദ്ധസംഘടനകളും ചേർന്ന് കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ദുരിതാശ്വാസ സാമഗ്രികൾ ശേഖരിച്ചത്. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളും ഗ്രന്ഥശാലാ സംഘം, കുടുംബശ്രീ പ്രസ്ഥാനങ്ങളും വിഭവസമാഹരണ യജ്ഞത്തിൽ പങ്കാളികളായി.

> ദുരിതമനുഭവിക്കുന്നവരോട് സഹാനുഭൂതിയോടെ പൊതുജനങ്ങളും അകമഴിഞ്ഞ് സഹായിച്ചതിനാലാണ് വിഭവസമാഹരണം വൻവിജയമായതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു അറിയിച്ചു.

കൂടുതൽ യുവാക്കൾ വളണ്ടിയർമാരായി എത്തിയതോടെ ജില്ലാ പഞ്ചായത്ത് ഓഫീസിലെ കളക്ഷൻ പോയിന്റിൽ ആവേശം നിറഞ്ഞു. വിവിധ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും സ്കൂളുകളിൽ നിന്നും സംഭരിച്ച് എത്തിച്ച അവശ്യ സാധനങ്ങൾ തരംതിരിച്ച് അടുക്കുന്നതിനും വാഹനങ്ങളിൽ കയറ്റുന്നതിനും യുവാക്കളുടെ സജീവ പങ്കാളിത്തമുണ്ടായി.

ഭക്ഷ്യവസ്തുക്കൾ, വസ്ത്രം, കുടിവെള്ളം, മറ്റ് അവശ്യ വസ്തുക്കൾ എന്നിവയ്ക്ക് പുറമെ ശുചീകരണ സാമഗ്രികളും ദുരിതബാധിത പ്രദേശങ്ങളിലേക്ക് അയയ്ക്കുന്നുണ്ട്.

## തരിശുരഹിതം വെളിയന്നൂർ



കൃഷി ഭൂമി തരിശിടുന്ന പ്രവണത അവസാനിപ്പിച്ച് ഹരിതസമൃദ്ധിയിലേക്ക് തിരിച്ചു വരികയാണ് വെളിയന്നൂർ ഗ്രാമപഞ്ചായത്ത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തരിശുരഹിത കേരളം പദ്ധതിയിലൂടെയാണ് ഗ്രാമപഞ്ചായത്ത് കാർഷിക സമൃദ്ധി തിരിച്ചു കൊണ്ടുവരുന്നത്.

15 വർഷമായി തരിശു കിടന്ന വെളിയന്നൂർ പാടശേഖരം തെളിച്ചു കൊണ്ടായിരുന്നു തുടക്കം. കൃഷി ചെയ്യാതെ പുല്ല് മൂടിക്കിടന്ന നെൽപാടങ്ങൾ കാടുകൾ നീക്കം ചെയ്ത് നിലമൊരുക്കി വരമ്പ് നിർമ്മിച്ച് കൃഷിയോഗ്യമാക്കി. ചെളി അടിഞ്ഞ് നികന്നു പോയ തോടുകൾ തൊഴിലുറപ്പ് പദ്ധതിയിൽ പുനർനിർമ്മിച്ചു. പഞ്ചായത്ത് സബ്സിഡി നിരക്കിൽ നല്കിയ കുമ്മായം ഉപയോഗിച്ച് മണ്ണിന്റെ പുളിരസം നീക്കി. കൃഷിക്ക് ആവശ്യമായ വിത്ത് കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കി. തൊടുപുഴ അഗ്രോ സർവ്വീസ് സെന്ററിലെ ഗ്രീൻഫോഴ്സ് ആർമി ഞാറ്റടി തയ്യാറാക്കി യന്ത്രസഹായത്തോടെ ഞാറു നട്ടു. തുകയുടെ പകുതിയിലധികവും സബ്സിഡിയായി ഗ്രാമപഞ്ചായത്ത് നല്കി. വളവും സബ്സിഡി നിരക്കിൽ ലഭ്യമാക്കി.

ജനങ്ങളുടെ പങ്കാളിത്തത്തോടെ സർക്കാർ സംവിധാനങ്ങൾ ഒന്നുചേർന്നതോടെ 35 ഏക്കർ തരിശുഭൂമി നെൽവയൽ ആയി മാറി. തുടർന്ന് പുതുവേലി പാടശേഖരത്തിലും കൃഷിയിറക്കി. അങ്ങനെ വെളിയന്നൂർ തരിശു രഹിത പഞ്ചായത്തായി. അന്നു മുതൽ തുടർച്ചയായി കൃഷി നടന്നു വരുന്നു. കർഷക സൊസൈറ്റി വഴി സർക്കാർ വിലയായ 23.50 രൂപയ്ക്ക് നെല്ല് സംഭരിച്ച് കുത്തി അരിയാക്കി പുതുവേലിയിലെ ഇക്കോഷോപ്പ് വഴി വിറ്റഴിക്കുന്നു. ജൈവ തവിട് ഉള്ളത്, ഇല്ലാത്തത് ഇങ്ങനെ രണ്ട് രീതിയിലുള്ള അരി ഇവിടെ ലഭ്യമാണ്. കീടനാശിനി ഉപയോഗിക്കാതെ കൃഷി ചെയ്ത വെളിയന്നൂർ ബ്രാൻഡ് അരി കിലോ 50 രൂപ നിരക്കിലാണ് വിൽക്കുന്നത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശോഭാ

# കോട്ടയം ജില്ലയിലെ വേറിട്ട പദ്ധതികൾ

ഷഫീക്ക് പി.എം.





നാരായണന്റെ നേതൃത്വത്തിലുള്ള ഭരണ സമിതി ഈ അഭിമാന വിജയത്തിനു പിന്നിൽ പ്രവർത്തിക്കുന്നു.

ജനങ്ങളുടെ പങ്കാളിത്തത്തോടെ സർക്കാർ സംവിധാനങ്ങൾ ഒന്നുചേർന്നതോടെ 35 ഏക്കർ തരിശുഭൂമി നെൽവയൽ ആയി മാറി. തുടർന്ന് പുതുവേലി പാടശേഖരത്തിലും കൃഷിയിറക്കി. അങ്ങനെ വെളിയന്നൂർ തരിശു രഹിത പഞ്ചായത്തായി.

# തിടനാടിൽ കുപ്പികൾ നിക്ഷേപിക്കാൻ ബോട്ടിൽ ബൂത്തുകൾ

തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ച പ്ലാസ്റ്റിക്ക് ബോട്ടിൽ ബൂത്തുകൾ ശ്രദ്ധേയമാവുകയാണ്.

നഗരസഭയായ ഈരാറ്റുപേട്ടയുമായും നഗരസ്വഭാവമുള്ള കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തുമായും തിടനാട് ഗ്രാമപഞ്ചായത്ത് അതിർത്തി പങ്കിടുന്നുണ്ട്. കാഞ്ഞിരപ്പള്ളി സംസ്ഥാന പാതയുടെ നല്ലൊരു ഭാഗവും ഗ്രാമപഞ്ചായത്ത് പരിധിയിലൂടെയാണ് കടന്നുപോകുന്നത്. കൂടാതെ ബൃഹത്തായ ഒരു റോഡ് ശൃംഖലയും ഗ്രാമപഞ്ചായത്തിനുണ്ട്. 1 മീറ്റർ ക്യൂബ് വലിപ്പവും 85 കി.ഗ്രാം തൂക്കവുമുള്ള 35 ബോട്ടിൽ ബൂത്തുകളാണ് ഈ പാതകളിലെ പ്രധാന ജംഗ്ഷനുകൾ, ടൗണുകൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും കോളനികളിലും സ്ഥാപിച്ചത്. ശബരിമല തീർത്ഥാടകരും ഇടുക്കി ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്യുന്നവരും ഏറെ ആശ്രയിക്കുന്ന സംസ്ഥാന പാതയോരങ്ങളിലും മറ്റ് റോഡുകളിലും ജനവാസ കേന്ദ്രങ്ങളിലും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുന്നുകൂടുന്ന അവസ്ഥയ്ക്ക് തിടനാട് ഗ്രാമപഞ്ചായത്തിന്റെ ഈ പദ്ധതി പരിഹാരമുണ്ടാക്കിയിരിക്കുന്നു.

ഒരു ബോട്ടിൽ ബൂത്തിന്റെ നിർമ്മാണ ചെലവ് ഏകദേശം 18,000 രൂപയോളമാണ്. ചില്ല്/പ്ലാസ്റ്റിക് ബോട്ടിലുകൾ മാത്രം നിക്ഷേപിക്കാൻ കഴിയുന്ന തരത്തിലാണ് ബോട്ടിൽ ബൂത്തുകൾ രൂപകല്പന ചെയ്തിട്ടുള്ളത്. ഇപ്രകാരം ബൂത്തുകളിൽ നിക്ഷേപിക്കപ്പെടുന്ന ബോട്ടിലുകൾ ഹരിതകർമ്മ സേനാ അംഗങ്ങൾ മുഖേന ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.



# കണ്ടു പഠിക്കാം അയ്മനത്തിന്റെ ഹരിതകർമ്മസേനയെ



ഹരിതകർമ്മസേനയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മാതൃക സൃഷ്ടിക്കുകയാണ് അയ്മനം ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ 20 വാർഡുകളിലും ഹരിതകർമ്മസേന ചിട്ടയായി പ്രവർത്തിക്കുന്നു. സേനാംഗങ്ങൾ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടത്തിവരുന്നു. ഹരിതസന്ദേശം' പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വീടുകളിലും തുണി സഞ്ചിയും വിതരണം ചെയ്തു. 6 മാസത്തിനകം ഏതാണ്ട് 20 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരണത്തിനായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറി. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ഏകദേശം 60 ടൺ മാലിന്യം ശേഖരിക്കുന്നതിലും സേനാംഗങ്ങൾ പങ്കാളികളായി. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് എല്ലാ വാർഡുകളിലും പ്രത്യേക സ്ഥലങ്ങളിൽ ആഴ്ചയിൽ നിശ്ചിത ദിവസം മാത്രം തുറക്കുന്ന ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യം ഈ ബിന്നുകളിൽ നിക്ഷേപിക്കാം.

പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ ബോധവൽക്കരണവും എൽ.ഇ.ഡി. ബൾബ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ ഒരുങ്ങുകയാണ് ഹരിത കർമ്മസേനയിലെ സന്നദ്ധ പ്രവർത്തകർ. ഹരിതകർമ്മസേനാംഗങ്ങൾക്കുവേണ്ടി ലഘു സമ്പാദ്യപദ്ധതിയും ഇൻഷ്വറൻസ് പരിരക്ഷയും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നതായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.കെ. ആലിച്ചൻ പറയുന്നു.

# കോളനി നവീകരണത്തിലെ ഞീഴൂർ മാതൃക


'ഒത്തൊരുമയുടെ ശക്തി' പ്രയോജനപ്പെടുത്തി മാത്രം നേടിയെടുക്കാവുന്ന ലക്ഷ്യമാണ് കോളനികളുടെ നവീകരണം. ഇത്തരത്തിൽ ഒത്തൊരുമയോടെ പൊതുജനങ്ങളും ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രവർത്തിച്ചതിന്റെ നേർക്കാഴ്ചയാണ് ഞീഴൂർ ഗ്രാമപഞ്ചായത്തിലെ തിരുവമ്പാടി എം. എൻ. ലക്ഷം വീട് കോളനി നവീകരണം.

കോളനിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 2016-17 ൽ 53 ലക്ഷം രൂപ അടങ്കൽ തുക വകയിരുത്തി നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 12 ഇരട്ട വീടുകൾ ഉൾപ്പെട്ട ഈ കോളനിയിൽ 19 ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും 5 എസ്.സി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും ഉൾപ്പെടെ 24 കുടുംബങ്ങൾ ഉൾപ്പെട്ടിരുന്നു.

ഞീഴൂർ പോലുള്ള ഒരു ചെറിയ ഗ്രാമപഞ്ചായത്തിന് കോളനിയെ നവീകരിക്കുവാനുള്ള മുഴുവൻ തുകയും ലഭ്യമാകുന്ന ഫണ്ടുകളിൽ നിന്ന് കണ്ടെത്തുവാൻ സാധിക്കാത്ത അവസ്ഥയായതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം, തൊഴിലുറപ്പ് പദ്ധതി, സുമനസ്സുകളുടെ സംഭാവന എന്നിവ സ്വീകരിച്ചാണ് ശുചിത്വത്തിന്റെയും ജീവിത സൗകര്യങ്ങളുടെയും ഒരു പുതിയ ലോകം കോളനി നിവാസികൾക്ക് നൽകുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം പദ്ധതിയുടെ നിർവ്വഹണത്തിന് കരുത്തേകി. ഏകദേശം ഏഴുലക്ഷത്തിലധികം തുക കൂലിയിനത്തിലും 9 ലക്ഷത്തിലധികം തുക മെറ്റീരിയൽസിനുമായി ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം ഏറ്റെടുത്തിരുന്ന പദ്ധതികൾക്ക് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി തുക രണ്ട് ലക്ഷം രൂപയാണ് എന്ന നിബന്ധന നിർവ്വഹണത്തിന്റെ അവസാന ഘട്ടത്തിൽ വെല്ലുവിളി ഉയർത്തി. ഗ്രാമപഞ്ചായത്തിലെ ഏറ്റവും സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥയിലുള്ള ഈ കുടുംബങ്ങൾക്കുവേണ്ടി ഭരണസമിതി മുന്നിട്ടിറങ്ങുകയും പ്രത്യേക തീരുമാനമെടുത്ത് അധികവിഹിതം അനുവദിക്കുന്നതിന് സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിൽ നിന്നും അനുമതി നേടുകയും ചെയ്തു. "ഈ പദ്ധതിയുടെ വിജയത്തിന് പിന്നിൽ ഒരു വലിയ കൂട്ടായ്മയുണ്ട്" എന്ന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ തോമസ് കൊട്ടുകാപ്പള്ളിയുടെ വാക്കുകളിൽ നിറഞ്ഞ ചാരിതാർത്ഥ്യം കാണാം.



*ലേഖകൻ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*



# ചക്കയുണ്ടോ?....
# ചാക്കിലാക്കി ബ്ലോക്കിലെത്തിക്കൂ...

■ **എം. പത്മകുമാർ**

കേരളത്തിന് പ്രകൃതി നല്കിയ വരദാനമാണ് ഇവിടെ ധാരാളമായി വളരുന്ന പ്ലാവിനങ്ങൾ. എന്നാൽ പോഷക സമൃദ്ധി കൊണ്ട് വേറിട്ട് നിൽക്കുന്ന ചക്ക വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താനോ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാനോ നമുക്ക് കഴിയുന്നില്ല. കേരളത്തിൽ വിളയുന്ന ചക്കയുടെ നല്ലൊരു പങ്കും ആർക്കും വേണ്ടാതെ പറമ്പുകളിൽ ചീഞ്ഞളിഞ്ഞ് നശിക്കുകയാണ്. ഇതര സംസ്ഥാനങ്ങളിൽ ഉയർന്ന മാർക്കറ്റ് വിലയ്ക്ക് ചക്കപ്പഴം ചുളയെണ്ണി വില്ക്കുമ്പോഴാണ് കേരളത്തിൽ മാത്രം ചക്കയ്ക്ക് ഈ ദുരവസ്ഥ.

സീസണിൽ ചക്ക സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാർക്കറ്റിലെത്തിക്കുന്ന പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ സംരംഭം ശ്രദ്ധേയമാവുകയാണ്. വിപുലമായ ഒരു പദ്ധതിയുടെ ഭാഗമെന്ന നിലയിലാണ് ബ്ലോക്ക് പഞ്ചായത്ത് ഈ യൂണിറ്റിന് തുടക്കം കുറിച്ചത്. പദ്ധതിയുടെ ആദ്യഘട്ടമായി ഗുണനിലവാരമേറിയ ആയിരം തേൻവരിക്ക പ്ലാവിൻ തൈകൾ ആത്മ പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്തു. അഞ്ച് വനിതകൾ അടങ്ങുന്ന ആക്ടിവിറ്റി ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. വീട്ടിൽ പ്ലാവുള്ള കർഷകരെ ചേർത്ത് കർഷക സമിതി രൂപീകരിച്ചു. സീസണിൽ കർഷകരിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ചക്ക സംഭരിക്കുവാനും തുടങ്ങി.

15 ലക്ഷം രൂപ മുതൽമുടക്കി ചക്ക ഉണക്കുന്നതിനും പൊടിക്കുന്നതിനും വറുക്കുന്നതിനും ചക്ക പുഴുക്ക്, ചക്ക ഹൽവ, ചക്ക അട, ചക്ക വരട്ടിയത് എന്നിവ ഉല്പാദിപ്പിക്കുന്നതിനും കേടുകൂടാതെ സംഭരിക്കുന്നതിനുമുള്ള സംവിധാനവും ബ്ലോക്ക് പഞ്ചായത്ത് ഒരുക്കി. "വെറുതെ കളയുന്ന ചക്ക" ഉപയോഗിച്ച് വിലയേറിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഈ നൂതന സംരംഭം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മോയ്തീൻ നാടിന് സമർപ്പിച്ചു.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ നിന്ന് 2 ലക്ഷം രൂപ സബ്സിഡിയും സൗത്ത് ഇന്ത്യൻ ബാങ്ക് പഴയന്നൂർ ശാഖയിൽ നിന്ന് 4ലക്ഷം രൂപ വായ്പയും ചേർന്ന് ആകെ 6 ലക്ഷം രൂപ പ്രവർത്തന മൂലധനത്തോടെ ആരംഭിച്ച അമൃതം എന്ന പേരിലുള്ള അഞ്ച് പേരടങ്ങുന്ന ആക്ടിവിറ്റി ഗ്രൂപ്പ് നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിപണി ആവശ്യത്തിന് തികയാതെ വരുന്ന സാഹചര്യമാണ് ഉള്ളത്. ആയിരത്തിലധികം ആളുകൾ പങ്കെടുക്കുന്ന ആഘോഷ പരിപാടികളിൽ അമൃതം എന്ന പേരിൽ ചക്ക ഉല്പന്നങ്ങൾ എത്തിക്കുന്നതിൽ വരെ സംഘം വിജയിച്ചുകഴിഞ്ഞിരിക്കുന്നു. വിവാഹ സദ്യകൾക്കും മറ്റും ചക്ക പായസം തയ്യാറാക്കുന്നതിനുള്ള ചക്ക വരട്ടിയത് അമൃതം എന്ന പേരിൽ ഇവിടെ ലഭ്യമാക്കുന്നു.

കുമാരി വി. തങ്കമ്മ പ്രസിഡന്റും ദിവ്യ കുഞ്ഞുണ്ണി സെക്രട്ടറിയുമായുള്ള ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയാണ് ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ വന്ന ഈ ആശയം യാഥാർത്ഥ്യമാക്കിയത്.

□

*ലേഖകൻ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റാണ്.*





# പ്രളയകാലത്തെ അതിജീവിച്ച പാണ്ടനാട്

■ പ്രകാശ് പി.ജി.

**പ്രതിസന്ധികളിൽ തളരാതെ, ജനങ്ങളുടെ പിന്തുണയോടെ എങ്ങനെ നേട്ടങ്ങൾ കൈവരിക്കാം എന്നതിന്റെ ദൃഷ്ടാന്തമാണ് പ്രളയത്തിൽ നിന്ന് കരകയറി നേട്ടങ്ങൾ സ്വന്തമാക്കിയ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ വിജയം.**

പ്രളയത്തിന്റെ കയങ്ങളിൽ നിന്നും അതിജീവനത്തിന്റെ പുത്തൻ മാതൃകകൾ സൃഷ്ടിച്ച വിജയഗാഥയാണ് 13 വാർഡുകളിലായി ഏകദേശം 15,000 ൽ താഴെ മാത്രം ജനസംഖ്യയുള്ള പാണ്ടനാട് ഗ്രാമപഞ്ചായത്തിന് പറയാനുള്ളത്. 2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ മഹാപ്രളയത്തിന്റെ ഏറ്റവും വലിയ ഇരകളിൽ ഒന്ന് പാണ്ടനാടെന്ന കൊച്ചു ഗ്രാമപഞ്ചായത്ത് ആയിരുന്നു. പാണ്ടവർനാട് എന്നറിയപ്പെടുന്ന പാണ്ടനാടിനെ പാണ്ടനാട് നോർത്തെന്നും പാണ്ടനാട് വെസ്റ്റെന്നും പകുത്തൊഴുകുന്ന പമ്പാനദി കരകവിഞ്ഞപ്പോൾ ഗ്രാമപഞ്ചായത്തിലെ മുഴുവൻ (2500 ൽ പരം) വീടുകളെയും പ്രളയം വിഴുങ്ങി.

ഏകദേശം പത്തടിയോളം ഉയരത്തിൽ പരന്നുയർന്ന പ്രളയജലം പഞ്ചായത്തിലെ എല്ലാ ആധികാരിക രേഖകളും കമ്പ്യൂട്ടറുകളും നശിപ്പിച്ചു.

തുടക്കത്തിൽ ഒന്നു പകച്ചു പോയെങ്കിലും നിശ്ചയദാർഢ്യവും കൃത്യമായ ഏകോപനവും കൊണ്ട് പാണ്ടനാട് ജനജീവിതം വീണ്ടെടുത്തു. ഒരു മനുഷ്യ ജീവൻപോലും കുരുതികൊടുക്കാതെ, പാണ്ടനാട് ഗ്രാമപഞ്ചായത്ത് സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വന്നു.

## വീണ്ടെടുപ്പിന്റെ നാളുകൾ

അവധിദിവസങ്ങളിലും രാപ്പകൽ വ്യത്യാസമില്ലാതെ സേവനസന്നദ്ധരായ പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും പാണ്ടനാടിന്റെ വീണ്ടെടുപ്പിന് മുന്നിൽ നിന്നു. പഞ്ചായത്ത് പ്രസിഡന്റി

ന്റെ നേതൃത്വത്തിൽ ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും ജനങ്ങളിലേക്ക് ഇറങ്ങി പ്രവർത്തിച്ചു. കർമ്മനിരതരായ ജനങ്ങൾ അവരെ നിർലോഭം പിന്തുണച്ചു. മാലിന്യങ്ങൾ കുമിഞ്ഞുകൂടിയ ആഫീസുകളും വീടുകളും സർക്കാർ സംവിധാനങ്ങളുടെയും പൊതുജനങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാലിന്യ വിമുക്തമാക്കി. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസ്, പെർഫോർമൻസ് ആഡിറ്റ് യൂണിറ്റുകളുടെ പ്രത്യേക സ്ക്വാഡുകൾ നഷ്ടപ്പെട്ടു പോയ വിവരങ്ങൾ വീണ്ടെടുക്കുന്നതിന് ആവശ്യമായ പിന്തുണ നല്കി.



### പ്രളയകാലത്തും നികുതി പിരിവിൽ നൂറു ശതമാനം

പഞ്ചായത്തിന്റെ പുനർനിർമ്മാണത്തിന് വൻ ചെലവ് വരുമെന്നതിനാൽ നികുതിപിരിവ് ഊർജ്ജിതമാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. കുടിശ്ശിക നികുതിയടക്കം രണ്ടു ദശലക്ഷത്തിൽപ്പരം രൂപ 2019 മാർച്ച് 15 ന മുമ്പായിത്തന്നെ പിരിച്ചെടുത്ത് സമ്പൂർണ്ണ നികുതിപിരിവെന്ന നേട്ടം കൈവരിച്ചു. പ്രളയബാധിതരെ കെട്ടിട നികുതി ഒടുക്കാൻ നിർബന്ധിക്കരുതെന്ന സർക്കാർ നിർദ്ദേശം നിലവിലിരിക്കെ, ഭരണപരമായ സമ്മർദ്ദമോ നിയമ നടപടികളോ ഇല്ലാതെ തന്നെ സമ്പൂർണ്ണ നികുതി പിരിവെന്ന പഞ്ചായത്തിന്റെ ലക്ഷ്യവുമായി സഹകരിക്കാൻ ജനങ്ങൾ സ്വയം തയ്യാറാവുകയായിരുന്നു. പ്രളയാനന്തര പുനർനിർമ്മാണ ദൗത്യത്തിന്റെ ഭാഗമാകാനുള്ള അവസരമായി ജനങ്ങൾ ഇതിനെ കണ്ടു.

**തുടക്കത്തിൽ ഒന്നു പകച്ചു പോയെങ്കിലും നിശ്ചയദാർഢ്യവും കൃത്യമായ ഏകോപനവും കൊണ്ട് പാണ്ടനാട് ജനജീവിതം വീണ്ടെടുത്തു. ഒരു മനുഷ്യ ജീവൻപോലും കുരുതികൊടുക്കാതെ, പാണ്ടനാട് ഗ്രാമ പഞ്ചായത്ത് സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വന്നു.**




### പദ്ധതി നേട്ടത്തിലും മുന്നിൽ

പദ്ധതിപ്രവർത്തനങ്ങളിലും പാണ്ടനാട് ഗ്രാമപഞ്ചായത്ത് നേട്ടം കുറിച്ചു. 89.09 ശതമാനമാണ് 2018-19 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ്. പ്രളയാനന്തരം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്ന സാഹചര്യത്തിലാണ് ചെലവ് നൂറുശതമാനത്തിൽ എത്താതെ പോയതെന്ന് പഞ്ചായത്ത് അധികൃതർ വ്യക്തമാക്കുന്നു.

### ഐഎസ്ഒ നേട്ടം

ഐഎസ്.ഒ. നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 2017-18 സാമ്പത്തിക വർഷം തന്നെ പഞ്ചായത്ത് തുടക്കം കുറിച്ചിരുന്നു. എന്നാൽ പ്രളയത്തിൽ രേഖകൾ നശിച്ചുപോയതോടെ തുടർ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടു.

സ്പിൽ ഓവർ പ്രോജക്ടുകളുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ രേഖകൾ വീണ്ടെടുക്കാൻ സമയം വേണ്ടിവന്നു. എല്ലാ പ്രയാസങ്ങളും അതിജീവിച്ച് 2019 മാർച്ച് 18-ാം തീയതി പാണ്ടനാട് ഗ്രാമ പഞ്ചായത്ത് ഐഎസ്ഒ സർട്ടിഫിക്കേഷൻ കരസ്ഥമാക്കി.

പ്രതിസന്ധികളിൽ തളരാതെ, ജനങ്ങളുടെ പിന്തുണയോടെ എങ്ങനെ നേട്ടങ്ങൾ കൈവരിക്കാം എന്നതിന്റെ ദൃഷ്ടാന്തമാണ് പ്രളയത്തിൽ നിന്ന് കരകയറി നേട്ടങ്ങൾ സ്വന്തമാക്കിയ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ വിജയം.

□

*ലേഖകൻ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*

**സാമൂഹ്യക്ഷേമം**



# ലൈഫ് മിഷൻ: ഒരുലക്ഷം വീടുകൾ പൂർത്തിയായി

**ദേശീയതലത്തിൽ തന്നെ ഏറ്റവും കുറഞ്ഞ സമയത്തിൽ ഇത്രയും അധികം വീടുകൾ പൂർത്തിയാക്കിയ സംസ്ഥാനമായി കേരളം മാറി.**

കേരള സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് മിഷൻ ഒന്നും രണ്ടും ഘട്ടങ്ങളിലായി 1,03,644 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ഇതോടെ ദേശീയതലത്തിൽ തന്നെ ഏറ്റവും കുറഞ്ഞ സമയത്തിൽ ഇത്രയും അധികം വീടുകൾ പൂർത്തി യാക്കിയ സംസ്ഥാനമായി കേരളം മാറി. ഈ പുരോഗതി അടിസ്ഥാനമാക്കിയാൽ വരുന്ന ഡിസംബറോടെ പദ്ധതിയിൽ സംസ്ഥാനത്ത് പൂർത്തിയാകുന്ന വീടുകളുടെ എണ്ണം രണ്ട് ലക്ഷമാകും.

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണമാണ് ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. ഒന്നാംഘട്ടത്തിൽ പൂർത്തീകരിക്കേണ്ടിയിരുന്ന 54,351 വീടുകളിൽ 51,509 വീടുകൾ (94.77%) നിർമ്മിച്ചുകഴിഞ്ഞു. 633.67 കോടി രൂപ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായമായി നല്കി.

രണ്ടാംഘട്ടത്തിൽ 30,359 (34.58%) ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. പി.എം.എ.വൈ- ലൈഫ് അർബൻ പ്രകാരം 21,776 (30.08%) വീടുകളുടെ നിർമ്മാണവും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. മൂന്നാംഘട്ടത്തിന്റെ ഭാഗമായി അടിമാലിയിൽ ഭവന സമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമ പഞ്ചായത്തിലെ അർഹരായ ഭൂരഹിത ഭവനരഹിതരായ 163 ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു.

ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവും മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യം. രണ്ടാം ഘട്ടത്തിൽ ഗ്രാമസഭ സർവ്വേയിലൂടെ കണ്ടെത്തി അംഗീകരിച്ച 1,73,065 ഗുണഭോക്താക്കളിൽ രേഖാപരിശോധനയിലൂടെ 98,281 പേരാണ് അർഹത നേടിയത്. ഇവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടത് 86,341 പേരാണ്.

രണ്ടാംഘട്ടത്തിൽ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പല പ്രമുഖ ബ്രാൻഡുകളുമായി കൈകോർത്തുകൊണ്ട് കുറഞ്ഞ നിരക്കിൽ വീട് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ലൈഫ്മിഷൻ കൈക്കൊണ്ടിട്ടുണ്ട്. 40-60% വരെ വിലകുറച്ചാണ് ഇലക്ട്രിക്കൽ, വയറിംഗ്, സാനിട്ടറി ഉപകരണങ്ങളും സിമെന്റ്, പെയിന്റ്, വാട്ടർ ടാങ്ക് തുടങ്ങിയവയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. സാനിട്ടറി ഫിറ്റിംഗ് രംഗത്തെ അതികായരായ സെറ, ജീറ്റ്, പെയിന്റ് നിർമ്മാണകമ്പനികളായ ഏഷ്യൻ പെയിന്റ്സ്, നെറോലാക്, ഇലക്ട്രിക്കൽ സാമഗ്രി നിർമ്മാതാക്കളായ ലെഗ്രാന്റ്,

വീഗാർഡ്, വിപ്രോ, പൈപ്പ് നിർമ്മാണ കമ്പനികളായ ഹൈക്കൗണ്ട്, സ്റ്റാർ പ്ലാസ്റ്റിക്സ്, മലബാർ സിമന്റ്സ് തുടങ്ങിയ കമ്പനികളാണ് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ നല്കാൻ തയ്യാറായിരിക്കുന്നത്. വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നത് ഏറെ ആശ്വാസം പകരും. ഇതിലൂടെ ഗുണഭോക്താവിന് 50,000 മുതൽ ഒരു ലക്ഷം രൂപയുടെ വരെ ലാഭമുണ്ടാവും.

നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തി, ലൈഫ് ഗുണഭോക്താവാണെന്ന് തെളിയിക്കുന്ന രേഖകൾ സമർപ്പിച്ച് അടുത്തുള്ള ഏജൻസികളിൽ നിന്ന് സാധനങ്ങൾ വാങ്ങാനാവും. ഇതിന്റെ കൂടുതൽ വിവരങ്ങൾ ലൈഫ് മിഷന്റെ വെബ്സൈറ്റായ www. lifemission.kerala.gov.in ൽ ലഭ്യമാണ്.

ലൈഫ് രണ്ടാംഘട്ടത്തിൽ 2643.90 കോടി രൂപയാണ് ഭവന നിർമ്മാണത്തിന് ഇതുവരെ നല്കിയത്. അതിൽ സംസ്ഥാന വിഹിതമായ 425 കോടിയും തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതമായ 718.90 കോടിയും ഹഡ്കോയിൽ നിന്നുള്ള വായ്പാ തുക 1500 കോടിയും ഉൾപ്പെടുന്നു. 2020 മാർച്ച് 31 ഓടെ രണ്ടാംഘട്ടം പൂർത്തിയാവും.

മൂന്നാം ഘട്ടത്തിൽ ഭൂമിയും വീടുമില്ലാത്ത 3,37,416 ഗുണഭോക്താക്കളിൽ രേഖാപരിശോധനയിലൂടെ അർഹമായി കണ്ടെത്തുന്നവർക്ക് ക്ലസ്റ്റർ / ഭവന സമുച്ചയം വഴി വീട് നല്കും. സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിന് മൂന്ന് സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് പരമാവധി രണ്ട് ലക്ഷം രൂപയാണ് ധനസഹായം നല്കുന്നത്. ഭൂരഹിത, ഭവനരഹിതരിൽ ഇതിനോടകം ഭൂമി സ്വന്തമായവരെ ലൈഫ് രണ്ടാം ഘട്ടത്തിലേക്ക് മാറ്റി ധനസഹായം നല്കും.

ഈ ഘട്ടത്തിലെ മൊത്തം 85 ഭവന സമുച്ചയങ്ങളിൽ 14 പൈലറ്റ് ഭവനസമുച്ചയങ്ങളും കെയർ ഹോം വഴി 14 ഭവനസമുച്ചയങ്ങളുമാണ് നിർമ്മിക്കുന്നത്. പൈലറ്റ് ഭവന സമുച്ചയങ്ങളുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. 56 അധിക ഭവന സമുച്ചയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. പൈലറ്റ് ഭവനസമുച്ചയങ്ങൾ 2020 ആഗസ്റ്റിലും അഡീഷണൽ കെയർ ഹോം വഴിയുള്ള ഭവനസമുച്ചയങ്ങൾ 2020 ഒക്ടോബറിലും പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്. □

*വിവരങ്ങൾക്ക് കടപ്പാട്: ലൈഫ് മിഷൻ*

# വികസനപദ്ധതിക്ക് ഭൂമിയെടുക്കുമ്പോൾ വീടു നഷ്ടപ്പെടുന്നവരെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തും: മുഖ്യമന്ത്രി



ദേശീയപാത വികസനം അടക്കമുള്ള വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്നവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇവർക്ക് മറ്റു വീടുകളില്ലെന്ന് ഉറപ്പുവരുത്തിയാവും നടപടി. ഈ ഡിസംബറോടെ രണ്ടു ലക്ഷം വീടുകൾ പൂർത്തിയാക്കുമെന്നും ലൈഫ് മിഷൻ പദ്ധതിയിലെ വീട് നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ഓരോ ജില്ലയിലും മന്ത്രിമാർക്ക് ചുമതല നൽകുന്നത് ആലോചിക്കുമെന്നും അദ്ദേഹം പറഞ്ഞു. ലൈഫ് മിഷന്റെ പുരോഗതി അവലോകനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ മാസവും ലൈഫ് മിഷന്റെ പുരോഗതി വിലയിരുത്തും. അടുത്ത വർഷം ആദ്യം നടപ്പാക്കേണ്ട പ്രവൃത്തികൾക്കാവശ്യമായ സജ്ജീകരണങ്ങൾ ഈ വർഷം അവസാനത്തോടെ നടത്താൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. ജില്ലകളുടെ ചുമതല നൽകിയിട്ടുള്ള സെക്രട്ടറിമാർ സ്ഥലം കണ്ടെത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇടപെടണം.

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പക്കലുള്ള ഭൂമി ഭവനസമുച്ചയ നിർമ്മാണത്തിനായി പ്രയോജനപ്പെടുത്തണം. തദ്ദേശസ്ഥാപനങ്ങളുടെ പക്കലുള്ള ഭൂമിയും കണ്ടെത്താവുന്നതാണ്. ഏതെല്ലാം പ്രദേശങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കാനാവുമെന്നതിന്റെ പട്ടിക സെപ്റ്റംബറോടെ ലഭ്യമാക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഭവന നിർമ്മാണത്തിന് എം. എൽ. എമാരുടെ ആസ്തി വികസന ഫണ്ട് പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടത്തും.

ഇതുവരെ ഒരു ലക്ഷം വീടുകൾ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ നിർമ്മാണം പുരോഗമിക്കുകയാണ്. മൂന്നാം ഘട്ടത്തിൽ 85 ഭവനസമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. 2020 ഒക്ടോബറോടെ പദ്ധതി പൂർത്തിയാക്കാനാണ് ആലോചിക്കുന്നത്.

മന്ത്രിമാരായ എ. സി. മൊയ്തീൻ, ഇ. ചന്ദ്രശേഖരൻ, എ. കെ. ബാലൻ, ഡോ. ടി. എം. തോമസ് ഐസക്ക്, ജെ. മേഴ്സിക്കുട്ടിയമ്മ, കെ. കെ. ശൈലജ ടീച്ചർ, ചീഫ് സെക്രട്ടറി ടോംജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി ടി. കെ. ജോസ്, ലൈഫ് മിഷൻ സി. ഇ. ഒ യു. വി. ജോസ്, വിവിധ വകുപ്പ് സെക്രട്ടറിമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു. □

# പെർമിറ്റ് അദാലത്ത് 38072 അപേക്ഷകളിൽ തീർപ്പ്

കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന സാഹചര്യം മാറിയതായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ അറിയിച്ചു. കേരളത്തിലെ ആറ് കോർപ്പറേഷനുകളിലും 87 നഗരസഭകളിലും 941 ഗ്രാമപഞ്ചായത്തുകളിലും പെർമിറ്റ് അദാലത്തുകൾ പൂർത്തിയായി. 38, 072 അപേക്ഷകളിൽ തീർപ്പായി. തുടർന്നും അപേക്ഷകളിൽ തീരുമാനം വൈകുന്നത് ഒഴിവാക്കാൻ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. കോർപ്പറേഷനുകളിൽ നടന്ന അദാലത്തുകൾക്ക് മന്ത്രി നേരിട്ട് നേതൃത്വം നൽകി. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വിവിധ വകുപ്പുതലവൻമാർ എന്നിവർ അദാലത്തുകളിൽ പങ്കെടുത്തു. മേയ് 31 ന് മുൻപ് ലഭിച്ച അപേക്ഷകളാണ് പരിഗണിച്ചത്.

പഞ്ചായത്തുകളിൽ നടന്ന അദാലത്തുകളിൽ 59798 അപേക്ഷകളിൽ പരിഗണിച്ചതിൽ 34121 എണ്ണത്തിൽ തീർപ്പുണ്ടാക്കി. തീർപ്പാകാതെ ശേഷിച്ച 7941 അപേക്ഷകൾ ജില്ലാതല അദാലത്തുകളിൽ പരിഗണിച്ചു. 3749 പെർമിറ്റ് അപേക്ഷകളും 1716 ക്രമവൽക്കരണ അപേക്ഷകളും 2476 ഒക്കുപ്പൻസി/ കെട്ടിട നമ്പർ അപേക്ഷകളുമാണ് ജില്ലാതല അദാലത്തുകളിൽ പരിഗണനയ്ക്ക് വന്നത്. നിയമപരമായ തടസ്സങ്ങൾ ഇല്ലാതിരുന്ന 629 പെർമിറ്റുകൾ ഉടൻ നൽകി. 334 അപേക്ഷകൾ നിരസിച്ചു. 2786 അപേക്ഷകളിൽ അപാകതകൾ പരിഹരിക്കാൻ നിർദ്ദേശം നൽകി. ക്രമവൽക്കരണ അനുമതിക്കുള്ള 1716 അപേക്ഷകളിൽ 239 എണ്ണം അനുവദിച്ചു. 145 എണ്ണം നിരസിച്ചു. ബാക്കിയുള്ള 1332 അപേക്ഷകളിൽ അപാകതകൾ തീർക്കാൻ നിർദ്ദേശിച്ചു. ഒക്കുപ്പൻസിക്കും കെട്ടിട നമ്പരിനുമുള്ള 2476 അപേക്ഷകളിൽ 451 എണ്ണം അനുവദിച്ചു. 224 എണ്ണം നിരസിച്ചു. 1801 എണ്ണത്തിൽ അപാകതകൾ നീക്കാൻ നിർദ്ദേശിച്ചു.

മുനിസിപ്പൽ കോർപ്പറേഷനുകളിലെ 686 അപേക്ഷകളിൽ 458 എണ്ണത്തിൽ തീർപ്പു കൽപ്പിച്ചു. 76 പെർമിറ്റും 158 ഒക്യുപൻസിയും നൽകി. മുനിസിപ്പാലിറ്റികളിലെ 3087 അപേക്ഷകളിൽ 809 എണ്ണം അനുവദിച്ചു. 662 എണ്ണം നിരസിച്ചു. 261 പെർമിറ്റും 198 ഒക്യുപൻസിയും നൽകി.

തദ്ദേശ സ്വയംഭരണ വകുപ്പ്, പഞ്ചായത്ത് വകുപ്പ് , നഗരകാര്യ വകുപ്പ്, നഗരഗ്രാമാസൂത്രണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, ഫയർ ആൻറ് സേഫ്റ്റി, കേരള തീരദേശ മാനേജ്മെന്റ് അതോറിറ്റി തുടങ്ങിയവയുടെ പ്രതിനിധികളും ഉയർന്ന ഉദ്യോഗസ്ഥരും അദാലത്തുകളിൽ പങ്കെടുത്തു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമാണ് ഇത്ര വിപുലമായ ഫയൽ അദാലത്ത് നടക്കുന്നത്. അദാലത്തുകളിൽ സഹകരിച്ച ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും മന്ത്രി അഭിനന്ദിച്ചു. കെട്ടിട നിർമാണ ചട്ടങ്ങളും പെർമിറ്റ് നടപടിക്രമങ്ങളും സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്യുമെന്ന് മന്ത്രി അറിയിച്ചു .



□

# മാലിന്യസംസ്കരണത്തിൽ ബഹുജനപങ്കാളിത്തം ഉണ്ടാകണം : മന്ത്രി എ.സി.മൊയ്തീൻ



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന മാലിന്യസംസ്കരണത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കണമെന്ന് മന്ത്രി എ. സി. മൊയ്തീൻ. തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും ഉദ്യോഗസ്ഥർക്കുമായി ഹരിതനിയമങ്ങൾ-ബോധവൽകണ പരിപാടി സംബന്ധിച്ച് ശാസ്ത്ര സാങ്കേതിക മ്യൂസിയം ഹാളിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

മാലിന്യം സംബന്ധിച്ച നിയമാവബോധം ജനങ്ങളിലേക്കെത്തിക്കാൻ ഉദ്യോഗസ്ഥർ ഊന്നൽ നൽകണം. പൊതുജനങ്ങൾക്കൊപ്പം സന്നദ്ധപ്രവർത്തകരേയും രാഷ്ട്രീയ പ്രവർത്തകരേയും കൂട്ടിയോജിപ്പിക്കാനാകണം. അതേസമയം ജനങ്ങൾ സന്നദ്ധരായി മുന്നോട്ടു വരുമ്പോൾ അനാവശ്യ നിബന്ധനകളാൽ ഉദ്യോഗസ്ഥർ തടയിടാൻ ശ്രമിക്കരുതെന്നും മന്ത്രി പറഞ്ഞു. ഇപ്പോഴും ദേശീയ പാതയോരങ്ങളിലും ജലാശയങ്ങളിലും മാലിന്യം തള്ളുന്നുണ്ട്. ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. സെപ്റ്റേജ് മാലിന്യസംസ്കരണം നടത്തുന്നവർ ലൈസൻസ് ഉള്ളവരാണോ എന്ന് ഉദ്യോഗസ്ഥരോട് മന്ത്രി ചോദിച്ചു. സ്വീവറേജ് സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവമായെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. ഹരിതകർമ്മ സേന രൂപീകരിക്കാത്ത നഗരസഭകൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും മാലിന്യസംസ്കരണത്തിൽ വിജയിച്ച മാതൃകകൾ ഏവരും അവലംബിക്കാനും മന്ത്രി നിർദ്ദേശം നൽകി. നാൽപ്പതോളം നഗരസഭകളിൽ നടപ്പിലാക്കുന്ന സിറ്റി സാനിറ്റേഷൻ പ്ലാൻ പുസ്തകവും മന്ത്രി പ്രകാശനം ചെയ്തു.

**20 ലക്ഷം പേരിൽ എത്തുന്ന വിപുലമായ ഹരിതനിയമ ബോധവൽക്കരണ കാമ്പയിനും കർശനമായ നിയമ നടപടികൾ സ്വീകരിക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികളെ സജ്ജമാക്കലുമാണ് പ്രചാരണ പരിപാടിയുടെ ആത്യന്തിക ലക്ഷ്യം.**

അരുത്! വലിച്ചെറിയരുത്! കത്തിക്കരുത്! എന്ന മുദ്രാവാക്യമുയർത്തി ഹരിത കേരളം മിഷനും കിലയും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രചാരണ പരിപാടിയുമായി ബന്ധപ്പെട്ടാണ് ശില്പശാല സംഘടിപ്പിച്ചത്. കില ഡയറക്ടർ ജോയ് ഇളമൺ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ ആമുഖാവതരണം നടത്തി. നഗരകാര്യ വകുപ്പ് ഡയറക്ടർ ആർ. ഗിരിജ. തിരുവനന്തപുരം മേയർ വി. കെ. പ്രശാന്ത്, കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രൻ, ഹരിതകേരള മിഷൻ കൺസൾട്ടന്റ് ടി. പി. സുധാകരൻ തുടങ്ങിയവർ സംസാരിച്ചു. കോർപ്പറേഷൻ മേയർമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, സെക്രട്ടറിമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർ സംബന്ധിച്ചു.

20 ലക്ഷം പേരിൽ എത്തുന്ന വിപുലമായ ഹരിതനിയമ ബോധവൽക്കരണ കാമ്പയിനും കർശനമായ നിയമ നടപടികൾ സ്വീകരിക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികളെ സജ്ജമാക്കലുമാണ് പ്രചാരണ പരിപാടിയുടെ ആത്യന്തിക ലക്ഷ്യം. □

പദ്ധതി വിശേഷം



# അഗതിരഹിത സംസ്ഥാനമാകാൻ കേരളം

■ ആശ എസ്. പണിക്കർ

**ഒന്നര ലക്ഷത്തിലേറെ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം**

ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിലുമുള്ള അഗതി കുടുംബങ്ങളുടെ എണ്ണം സാമൂഹ്യ പുരോഗതിയുടെ നേർക്ക് കനത്ത വെല്ലുവിളി ഉയർത്തുന്ന ഘടകമാണ്. അതുകൊണ്ടു തന്നെ എല്ലാവിധ പിന്നാക്കാവസ്ഥകളിലും ജീവിച്ചു വരുന്ന അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരാൻ ആത്മാർത്ഥമായ പരിശ്രമങ്ങൾ ഉണ്ടായേ പറ്റൂ. എല്ലാവിധ പൗരാവകാശങ്ങളും സംരക്ഷിക്കപ്പെട്ടുകൊണ്ട് അന്തസോടെയും മാന്യമായും അവർക്ക് ഈ സമൂഹത്തിൽ കഴിയാനാകണം. അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണയും സഹായവും ലഭ്യമാക്കി അഗതിത്വത്തിൽ നിന്നു കരകയറ്റുകയും ഒരു അഗതി കുടുംബം പോലും തങ്ങളുടെ തദ്ദേശസ്ഥാപനങ്ങളിൽ ഇല്ല എന്നുറപ്പ് വരുത്തുകയും വേണം. കാരണം അഗതി കുടുംബങ്ങൾ അധിവസിക്കുന്ന സമൂഹത്തിന് സമഗ്ര വികസനത്തിന്റെ നേട്ടങ്ങൾ അവകാശപ്പെടാൻ കഴിയില്ല എന്നതു തന്നെ. അതിനാൽ സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം.

## വ്യക്തി അധിഷ്ഠിത കരുതൽ പദ്ധതി

സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. 2003 ൽ ആരംഭിച്ച നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്ന ആശ്രയ പദ്ധതി വിപുലീകരിച്ചാണ് അഗതിരഹിത കേരളം പദ്ധതി നടപ്പാക്കുന്നത്. 2009ൽ ആശ്രയയുടെ തുടർ സേവന പദ്ധതി രൂപീകരിച്ചിരുന്നു. തുടർന്നും ഗുണഭോക്താക്കളെ ഉൾക്കൊള്ളിക്കുന്നതിനു 2013ൽ രണ്ടാംഘട്ട പദ്ധതി ആരംഭിച്ചു. ഈ രണ്ടു ഘട്ടങ്ങൾ പിന്നിടുമ്പോഴും പെട്ടെന്നുണ്ടാകുന്ന സാഹചര്യങ്ങളിൽ അഗതിത്വത്തിലേക്ക് എത്തിപ്പെടുന്നവരെ പദ്ധതിയിലേക്ക് ഏതു സമയവും ഉൾച്ചേർക്കുക എന്ന ലക്ഷ്യത്തോടെയാണ് ആശ്രയ പദ്ധതി അഗതിരഹിത കേരളം എന്ന സമഗ്രതയിലേക്ക് നീങ്ങിയത്.

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതി ഉൾപ്പെടെ നിരാലംബ കുടുംബങ്ങളുടെ സമഗ്ര പുനരധിവാസമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി അതിജീവനം, അടിസ്ഥാന സൗകര്യം, വികസനം, മാനസികം എന്നീ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 162610 ഗുണഭോക്താക്കൾക്കാവശ്യമായ ഉപജീവന അതിജീവന ആവശ്യങ്ങൾ ലഭ്യമാകും. ഇതിൽ 10716 കുടുംബങ്ങൾ പട്ടികവർഗ വിഭാഗത്തിലുള്ളവരാണ്. നിലവിൽ 1034 തദ്ദേശ സ്ഥാപനങ്ങളിൽ 1008 സ്ഥാപനങ്ങൾ ഇതിനകം വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും 961 പദ്ധതികൾക്ക് അംഗീകാരം നല്കുയും ചെയ്തു.

## അതിജീവന ആവശ്യങ്ങൾ

ഭക്ഷണം, ചികിത്സ, വസ്ത്രം. വിവിധതരം പെൻഷനുകൾ എന്നിവയാണ് അതിജീവന ആവശ്യങ്ങളിൽ ഉൾപ്പെടുന്നത്. എ.എ.വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ഈ കാർഡ് ലഭ്യമാകുന്നതു വരെ റേഷൻ കടകളിൽ നിന്നോ മറ്റ് സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ നിലവിലുള്ള നിരക്കിൽ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിന് പദ്ധതിയിൽ നിർദ്ദേശമുണ്ട്. ഇതു പ്രകാരം ഒരു വ്യക്തിക്ക് 10 കിലോഗ്രാം അരി/ ഗോതമ്പ്, മറ്റ് ധാന്യങ്ങൾ എന്ന പരിധിക്ക് വിധേയമായി റേഷൻ കാർഡു മാറ്റി വാങ്ങുന്നതു വരെ അല്ലെങ്കിൽ പരമാവധി ഒരു വർഷത്തേക്ക് ചലഞ്ച് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാം.



**ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ**

**അതിജീവന ആവശ്യങ്ങൾ-** ഭക്ഷണം, ചികിത്സ, വസ്ത്രം. വിവിധതരം പെൻഷനുകൾ.

**അടിസ്ഥാന ആവശ്യങ്ങൾ-** ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സംവിധാനം, വൈദ്യുതി.

**വികസന ആവശ്യങ്ങൾ -** തൊഴിൽ, തൊഴിൽ പരിശീലനം, വിദ്യാഭ്യാസം.

**മാനസിക ആവശ്യങ്ങൾ** -കൗൺസിലിങ്ങ്, സാമൂഹ്യ ഉൾച്ചേർക്കൽ.

## പോഷകാഹാര കിറ്റ്

അഗതി കുടുംബങ്ങൾക്ക് പൊതു വിതരണ സംവിധാനത്തിലൂടെ ലഭ്യമാകുന്ന സാധനങ്ങൾക്കു പുറമെ പോഷകാഹാര കിറ്റു കൂടി നല്കും. മൂന്നോ അതിലധികമോ പേരുള്ള കുടുംബത്തിന് 900 രൂപയുടെയും രണ്ടു അംഗങ്ങൾ ഉള്ള കുടുംബത്തിന് 700 രൂപയുടെയും ഒരാൾ മാത്രമുള്ള കുടുംബത്തിന് 500രൂപയുടെയും പോഷകാഹാര കിറ്റ് മാസംതോറും ലഭ്യമാക്കും. ഓരോ ഗുണഭോക്താവിനും ഡയറ്റീഷ്യന്റെ നിർദ്ദേശമനുസരിച്ച് പ്രാദേശികമായി ലഭ്യമാകുന്ന ഭക്ഷണ പദാർത്ഥങ്ങളാകും നല്കുക. സൂക്ഷിക്കാൻ കഴിയുന്നവ (പയർ വർഗ്ഗങ്ങൾ) മാസത്തിൽ ഒരു തവണയും പെട്ടെന്നു നശിച്ചു പോകുന്നവ (മുട്ട, പാൽ, മത്സ്യം) എന്നിവ ആഴ്ച/ദിവസം എന്ന ക്രമത്തിലുമാണ് അഗതി കുടുംബങ്ങൾക്ക് ലഭ്യമാക്കുക. പ്രത്യേക കാരണങ്ങളാൽ ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് (ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, ഗുരുതരമായ രോഗം ബാധിച്ചവർ, വൃദ്ധർ മാത്രമുള്ള കുടുംബങ്ങൾ)വേണ്ടി തദ്ദേശസ്ഥാപനങ്ങൾക്ക് അഗതി പുനരധിവാസ ഫണ്ട് ഉപയോഗിച്ച് ഭക്ഷണം പാചകം ചെയ്തു വിതരണം ചെയ്യാം. ആരും നോക്കാനില്ലാത്ത രോഗികൾക്കും ഭക്ഷണം പാകം ചെയ്തു നല്കാൻ അയൽക്കൂട്ട അംഗങ്ങൾക്ക് പ്രതിദിനം 60 രൂപയും തീരെ അവശരായ കിടപ്പു രോഗികളുടെ പരിപാലനത്തിന് അയൽക്കൂട്ട അംഗത്തിന്/സഹായിക്ക് തൊഴിലുറപ്പ് കൂലിക്ക് തുല്യമായ തുകയും ലഭ്യമാകും. കിടപ്പു രോഗികൾക്ക് അടുത്തുള്ള അംഗൻവാടികൾ വഴിയും ഭക്ഷണം വിതരണം ചെയ്യാം.

## ആരോഗ്യസംരക്ഷണത്തിന് പ്രത്യേക ഊന്നൽ

പദ്ധതിയിൽ അഗതി കുടുംബങ്ങളുടെ ആരോഗ്യ പരിചരണത്തിലും സംരക്ഷണത്തിനും അതീവ പ്രാധാന്യമാണ് നല്കിയിട്ടുള്ളത്. ആദ്യഘട്ട ഗുണഭോക്തൃ നിർണ്ണയത്തിനു ശേഷം ഇവർക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് അടിസ്ഥാനപരമായ വിവരങ്ങൾ ഉൾപ്പെടുത്തി എല്ലാവർക്കും ഫോട്ടോ പതിച്ച ആരോഗ്യ കാർഡ് നല്കിയിട്ടുണ്ട്. ആരോഗ്യ കാർഡ് ലഭിച്ച അഗതി ഗുണഭോക്താക്കൾക്ക് സർക്കാർ ആശുപത്രികളിൽ ക്യൂ നില്ക്കാതെ തന്നെ സേവനങ്ങൾ ലഭിക്കും. സ്വകാര്യ ആശുപത്രികളിൽ നിന്നും ചികിത്സയോ മരുന്നോ വാങ്ങേണ്ടി വരുന്ന പ്രത്യേക സാഹചര്യത്തിലും ഡോക്ടറുടെ നിർദ്ദേശമടങ്ങിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ




മെമ്പർ സെക്രട്ടറിക്ക് അത് വാങ്ങി നല്കാൻ കഴിയും. ഇതിനു ചെലവാകുന്ന തുക പദ്ധതി തുകയിൽ നിന്നും വിനിയോഗിക്കാവുന്ന താണ്. തീർത്തും അവശതയിലായ രോഗി കൾക്കും പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ആശാ വർക്കർ എന്നിവർ മുഖേന മരുന്ന് വീട്ടിൽ ലഭ്യമാക്കും. കൂടാതെ ദീർഘകാല രോഗങ്ങൾ ബാധിച്ചവർക്കും ആശുപത്രിയിലോ വീട്ടിലോ കിടത്തി ചികിത്സ ആവശ്യമുള്ളവർക്കും പരിചരണ സാമഗ്രികളായ കട്ടിൽ, വാട്ട ർബെഡ്, വീൽ ചെയർ, ഡ്രിപ് സ്റ്റാൻഡ്, കമ്മോഡ്, കത്തീറ്റർ, ഡ്രസിങ്ങ് ഉപകരണ ങ്ങൾ, ശ്വസനോപകരണങ്ങൾ തുടങ്ങിയവ ഡോക്ടറുടെ നിർദ്ദേശ പ്രകാരം മരുന്നിനു പുറമെ ലഭ്യമാക്കും.

## മാനസികാരോഗ്യം ഉറപ്പു വരുത്താനും പിന്തുണകൾ

അഗതികളുടെ മാനസികാരോഗ്യം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ പദ്ധതി യിൽ നടപ്പാക്കും. അത്യാവശ്യസന്ദർഭ ങ്ങളിൽ ഗുണഭോക്താവിന് സേവനങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇങ്ങനെയുള്ള വ്യക്തികളെ പ്രാദേശികമായ പിന്തുണ യോടെ ആശുപത്രിയിലെത്തിക്കുകയും തുടർ പരിചരണങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യും. ഇവർക്ക് പ്രാദേശികാധിഷ്ഠിതമായ കരുതലും പുനരധിവാസവും ലഭ്യമാകുന്ന തിന് ഗുണഭോക്താക്കളുടെ ഭവനങ്ങളിൽ പതിവു സന്ദർശനവും ഉറപ്പുവരുത്തും. മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരി ടുന്നവരെ ഏറ്റവും അടുത്തുള്ള കുടുംബശ്രീ യുടെ ബഡ്സ് സ്ഥാപനങ്ങളിൽ ഉൾപ്പെ ടുത്തി അവർക്കാവശ്യമുള്ള പിന്തുണകൾ ലഭ്യമാക്കും.

## സ്പോൺസർഷിപ് വഴി വസ്ത്രങ്ങൾ

അഗതി ഗുണഭോക്താക്ക ൾക്കാവശ്യ മായ വസ്ത്രം സ്പോൺസർഷിപ്പ് വഴിയാണ് ലഭ്യമാക്കുന്നത്. പട്ടികവർഗ്ഗം കുടുംബങ്ങ ളിലെ ഗുണഭോക്താക്കൾക്ക് വസ്ത്രങ്ങൾ ചലഞ്ച് ഫണ്ടിൽ നിന്നും തുക കണ്ടെത്തി വാങ്ങി നല്കും.

## പെൻഷൻ

അഗതികളിൽ അർഹരായവർക്ക് വാർധക്യകാല പെൻഷനും മറ്റു പെൻഷ നുകളും അനുവദിക്കുന്നതിനു തദ്ദേശസ്ഥാ പനങ്ങൾ മുൻഗണന നല്കും. ഇതിനായി പ്രത്യേകം അദാലത്തുകൾ സംഘടിപ്പി ക്കും. പെൻഷൻ ലഭിക്കുന്നതിനാവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടി ഫിക്കറ്റ് എന്നിവ ലഭ്യമാക്കി അർഹരായ വർക്ക് പെൻഷൻ ഉറപ്പു വരുത്തും. അർഹ രായവർക്ക് പഞ്ചായത്ത് നഗരസഭയിൽ നിന്നും അനുവദിക്കുന്ന ഏതെങ്കിലും ഒരു ക്ഷേമ പെൻഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനുള്ള ചുമതല അതത് സിഡിഎ സുകൾക്കാണ്.

## അടിസ്ഥാന ആവശ്യങ്ങൾ

ഗുണഭോക്താക്കൾക്ക് അടിസ്ഥാന ആവശ്യങ്ങളായ ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സംവിധാനം, വൈദ്യുതി എന്നിവയും ലഭ്യമാക്കും. സ്വന്ത മായി വീടില്ലാത്ത ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ചു നല്കും. അഗതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ആനുകൂല്യം അനുവദിക്കുമ്പോൾ തുക മുൻകൂർ തവണകളായി നല്കും. ഭവനനി ർമ്മാണത്തിനാവശ്യമായ രേഖകളോ സാധന സാമഗ്രികളോ സംഘടിപ്പിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്കായി അതത് തദ്ദേശസ്ഥാപനം, സി.ഡി. എസുകൾ എന്നിവയുടെ സംയോജിത ഇടപെടലിലൂടെ ഭവനനിർമ്മാണത്തിനാ വശ്യമായ ക്രമീകരണങ്ങൾ ചെയ്തു നല്കും. പദ്ധതി ഗുണഭോക്താക്കളുടെ വാസയോ ഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കു ന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം, മേൽക്കൂര മാറ്റൽ മുതലായവ നടപ്പാക്കാം. ഇതു കൂടാതെ ശുചിത്വ സംവിധാനം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികളിൽ ഉൾപ്പെ ടുത്തി അഗതി കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് നല്കും.

## കുടിവെള്ളം

ഭൗതിക സാഹചര്യങ്ങൾ അനുവദിക്കു കയാണെങ്കിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അഗതി കുടും ബങ്ങൾക്ക് ഗാർഹിക കണക്ഷൻ ലഭ്യമാ ക്കാം. മറ്റ് ജലസ്രോതസുകൾ ഒന്നും ലഭ്യ മല്ലാതെ വരികയും എന്നാൽ ആവശ്യ ത്തിന് മഴ ലഭിക്കുന്നതുമായ ഇടങ്ങളിൽ അടിയന്തര സാഹചര്യത്തിൽ 100 ശതമാനം സബ്സിഡിയോടെ മഴവെള്ള സംഭരണികൾ നിർമ്മിച്ചു നല്കാവുന്നതാണ്.

## വികസന ആവശ്യങ്ങൾ

അടിസ്ഥാന ജീവിത സൗകര്യങ്ങളും

**അഗതി രഹിത കേരളം പദ്ധതി**

- ആകെ തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം - 1034
- പദ്ധതികൾ സമർപ്പിച്ച തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം-1011(15-7-2019വരെ)
- അംഗീകാരം നേടിയ പദ്ധതികളുടെ എണ്ണം - 987 (15-7-2019 വരെ)
- പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആകെ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം - 158078
- കുടുംബാംഗങ്ങളുടെ എണ്ണം-337881

**നൽകുന്ന സേവനങ്ങളും അർഹരായ ഗുണഭോക്താക്കളുടെ എണ്ണം**

| | | |
|---|---|---|
| ഭക്ഷണം | - | 285422 |
| മരുന്ന് | - | 182299 |
| വസ്ത്രം | - | 148720 |
| ഭൂമി | - | 18836 |
| വീട് | - | 43531 |
| കുടിവെള്ളം | - | 45526 |
| തൊഴിൽ | - | 50360 |
| പെൻഷൻ | - | 69847 |
| വിദ്യാഭ്യാസം | - | 41472 |
| ശുചിത്വ കക്കൂസ് | - | 31734 |
| വീട് പുനരുദ്ധാരണം | - | 44385 |
| വൈദ്യുതി | - | 13270 |



സുസ്ഥിര ഉപജീവനമാർഗവുമൊരുക്കി നല്കി അഗതി കുടുംബങ്ങളെ സ്വയംപര്യാപ്തരാക്കുക എന്നതും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി വികസന ആവശ്യങ്ങളായ വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യ പരിശീലനം എന്നിവയും ഗുണഭോക്താക്കൾക്ക് ലഭ്യമാകും. കുടുംബശ്രീയും തദ്ദേശസ്ഥാപനങ്ങളും സംയുക്തമായിട്ടാകും ഇത് നല്കുക. വികസന ആവശ്യങ്ങളായ ഉപജീവന ഉപാധികൾ ഒരുക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങൾക്ക് ആവശ്യമെങ്കിൽ വിദഗ്ധ തൊഴിൽ പരിശീലനം നല്കി തൊഴിലും വരുമാനവും ഉറപ്പാക്കും. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന, ദേശീയ നഗര ഉപജീവന ദൗത്യം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അഗതി കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഇപ്പോൾ തന്നെ വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നല്കി തൊഴിൽ ലഭ്യമാക്കി വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന തൊഴിൽദാന പരിപാടികളിൽ അഗതി കുടുംബാംഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കും. പദ്ധതി കുടുംബങ്ങളിലെ തൊഴിൽ ചെയ്യാൻ ശേഷിയുള്ള അംഗങ്ങളെ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ കാർഡ് ലഭ്യമാക്കി തൊഴിലിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പണിക്ക് മേറ്റ് ആയി ജോലി ചെയ്യാൻ കഴിവുള്ളവർക്ക് പ്രത്യേക പരിഗണന നല്കും.

2017 ഒക്ടോബർ 19നാണ് അഗതിരഹിത കേരളം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഏറ്റവും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി മൊബൈൽ സർവ്വേ ആപ് ഉപയോഗിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ നിർദ്ധന കുടുംബങ്ങളിൽ സർവ്വേ നടത്തിയിരുന്നു. ഈ പട്ടികയിൽ നിന്നാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ക്ലേശ ഘടകങ്ങൾ അനുസരിച്ച് ഏറ്റവും അർഹരായ ഗുണഭോക്താക്കളെ കമ്പ്യൂട്ടർവൽക്യത സംവിധാനത്തിലൂടെ കണ്ടെത്തിയത്. ഗുണഭോക്തൃ പട്ടിക സംബന്ധിച്ച പരാതികൾ തദ്ദേശഭരണ സ്ഥാപന ഉദ്യോഗസ്ഥർ പരിശോധിച്ച് അതു പ്രകാരമുള്ള പട്ടിക ഗ്രാമസഭയും തദ്ദേശസ്ഥാപനങ്ങളും അംഗീകരിക്കുകയും ചെയ്തിരുന്നു. ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമായി കണ്ടെത്തിയതിന്റെ കൂടി അടിസ്ഥാനത്തിലാണ് തദ്ദേശസ്ഥാപനങ്ങൾ വിശദമായ പദ്ധതിരേഖ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നത്. നിലവിലുള്ള ആശ്രയ കുടുംബങ്ങളിൽ തുടർന്നും സേവനങ്ങൾ ആവശ്യമുള്ളവർക്ക പുറമേ പുതുതായി കണ്ടെത്തിയവരെയും അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും പിന്തുണ, സജീവമായ പൊതുജനപങ്കാളിത്തം, സന്നദ്ധ പ്രവർത്തകരുടെ സേവനം എന്നിവയും ഉറപ്പുവരുത്തി എല്ലാവിധ പദ്ധതി ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാക്കി കൊണ്ട് കേരളത്തിന്റെ മണ്ണിൽ നിന്നും അഗതിത്വത്തിന്റെ വേരുകൾ പിഴുതെറിയാനും വികസന ചരിത്രത്തിൽ പുതിയൊരു അധ്യായം രചിക്കാനും കഴിയുമെന്ന് തീർച്ചയാണ്. □




*ലേഖിക കുടുംബശ്രീയിൽ എഡിറ്റോറിയൽ അസിസ്റ്റന്റാണ്*



# ജലജന്യരോഗങ്ങളെ പ്രതിരോധിക്കാം

ജലജന്യരോഗങ്ങൾ തടയുന്നതിന് നിരവധി കാര്യങ്ങൾ ശ്രദ്ധിക്കണം. ആഹാര സാധനങ്ങൾ എപ്പോഴും അടച്ച് സൂക്ഷിക്കണം. തുറന്നുവച്ച ആഹാരസാധനങ്ങൾ ഉപയോഗിക്കരുത്. പഴകിയതും മലിനവുമായ ആഹാരം ഒഴിവാക്കുക.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്ന് മഞ്ഞപ്പിത്തം, വയറിളക്കം, വയറുകടി എന്നിവ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചു. ടൈഫോയ്ഡ്, കോളറ എന്നിവയ്ക്കും സാധ്യതയുണ്ട്.

തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക, വെള്ളം എപ്പോഴും അടച്ച് സൂക്ഷിക്കുക, കിണറ്റിലെ ജലം മലിനമാകാതെ സൂക്ഷിക്കുക, കിണറിന് ചുറ്റുമതിൽ കെട്ടുക, ഇടയ്ക്കിടയ്ക്ക് കിണർ വെള്ളം ക്ലോറിനേറ്റ് ചെയ്യുക, പാചകത്തിനും കുടിക്കാനും ജലം മൂടി സൂക്ഷിക്കുക, ജലം സംഭരിക്കുന്ന പാത്രം ആഴ്ചയിലൊരിക്കൽ ഉരച്ച് കഴുകി വെയിലത്തുണക്കുക, കുടിവെള്ള പമ്പിംഗ് സ്റ്റേഷനുകളിൽ ക്ലോറിനേഷനും ശുദ്ധീകരണ പ്രവർത്തനങ്ങളും ഉറപ്പാക്കുക, പുറത്തു പോകുമ്പോൾ തിളപ്പിച്ചാറിയ ജലം മാത്രം കുടിക്കുക, വഴിയോര കച്ചവട സ്ഥാപനങ്ങളിൽ തുറന്നു വച്ചിരിക്കുന്ന പാനീയങ്ങൾ കുടിക്കാതിരിക്കുക, വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഐസ് ഉപയോഗിച്ച് ശീതളപാനീയങ്ങൾ ഉണ്ടാക്കരുത് തുടങ്ങിയ നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ട്.

ജലജന്യരോഗങ്ങൾ തടയുന്നതിന് നിരവധി കാര്യങ്ങൾ ശ്രദ്ധിക്കണം. ആഹാര സാധനങ്ങൾ എപ്പോഴും അടച്ച് സൂക്ഷിക്കണം. തുറന്നുവച്ച ആഹാരസാധനങ്ങൾ ഉപയോഗിക്കരുത്. പഴകിയതും മലിനവുമായ ആഹാരം ഒഴിവാക്കുക. പഴവർഗ്ഗങ്ങളും പച്ചക്കറികളും നല്ലവണ്ണം കഴുകി ഉപയോഗിക്കുക. ആഹാരം കഴിക്കുന്നതിന് മുമ്പും കഴിച്ചതിന് ശേഷവും കൈകൾ സോപ്പുപയോഗിച്ച് കഴുകണം. തുറസായ സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തരുത്. മലവിസർജ്ജനത്തിന് ശേഷം കൈ സോപ്പുപയോഗിച്ച് കഴുകണം. കുഞ്ഞുങ്ങളുടെ

കൈയിലെ നഖം വെട്ടി വൃത്തിയാക്കി സൂക്ഷിക്കണം.

വീടും പരിസരപ്രദേശവും ശുചിയായി സൂക്ഷിക്കണം. ആഹാരാവശിഷ്ടങ്ങളും ചപ്പുചവറുകളും ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാൻ ശ്രദ്ധിക്കണം. കന്നുകാലി തൊഴുത്തുകൾ വീട്ടിൽ നിന്നും നിശ്ചിത അകലത്തിൽ നിർമ്മിക്കണം. പൊതുടാപ്പുകൾ, കിണറുകളുടെ പരിസരം എന്നിവ വൃത്തിയായി സൂക്ഷിക്കണം. കുഞ്ഞുങ്ങൾക്ക് കുപ്പിപ്പാൽ കഴിവതും ഒഴിവാക്കണം.


## മഞ്ഞപ്പിത്തം തടയാൻ

സംസ്ഥാനത്ത് മഴക്കാലത്തും വേനൽക്കാലത്തും കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന വൈറസ് രോഗമാണ് മഞ്ഞപ്പിത്തം. മഞ്ഞപ്പിത്തം എ/ഇ വിഭാഗങ്ങൾ ആഹാരത്തിലൂടെയും കുടിവെള്ളത്തിലൂടെയും പകരുന്നു. പനി, തലവേദന, മനംപുരട്ടൽ, ഛർദ്ദി തുടങ്ങിയവയാണ് ഈ രോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ. പിന്നീട് ശരീരത്തിലും കണ്ണിലും മൂത്രത്തിലും മഞ്ഞനിറം പ്രത്യക്ഷപ്പെടാറുണ്ട്. രക്തം, മൂത്രം തുടങ്ങിയവ പരിശോധിക്കുന്നതിലൂടെ രോഗ സ്ഥിരീകരണം നടത്താം. ആരംഭത്തിലെ ചികിത്സ ലഭ്യമാക്കിയാൽ ഗുരുതരമായ സങ്കീർണ്ണതകൾ ഒഴിവാക്കാം.

## ടൈഫോയ്ഡ്

സാൽമൊണല്ല ടൈഫി വിഭാഗത്തിൽപ്പെട്ട ബാക്ടീരിയ ആണ് ടൈഫോയ്ഡിന് കാരണം. രോഗിയുടെയോ രോഗവാഹകരുടെയോ വിസർജ്ജ്യങ്ങളിൽ നിന്ന് ആഹാരത്തിലൂടെയോ കുടിവെള്ളത്തിലൂടെയോ രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നു. നീണ്ടു നിൽക്കുന്നതും കൂടി വരുന്നതുമായ പനി, ശരീരവേദന, ക്ഷീണം, വിശപ്പില്ലായ്മ ഇവയാണ് സാധാരണ ലക്ഷണങ്ങൾ. രക്ത പരിശോധനയിലൂടെ മാത്രമേ രോഗം പൂർണ്ണമായി സ്ഥിരീകരിക്കാനാവൂ. രോഗാണു ശരീരത്തിലെത്തിയാൽ ഒന്നു മുതൽ മൂന്നാഴ്ചയ്ക്കുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടമാകും. ടൈഫോയ്ഡ് രോഗത്തിനെതിരെ ഫലപ്രദമായ ആന്റിബയോട്ടിക് മരുന്നുകൾ ലഭ്യമാണ്. അതിനാൽ രോഗം പൂർണ്ണമായി ചികിത്സിച്ച് ഭേദമാക്കാനാവും.

## വയറിളക്കരോഗങ്ങൾ



●●●

വീടും പരിസരപ്രദേശവും ശുചിയായി സൂക്ഷിക്കണം. ആഹാരാവശിഷ്ടങ്ങളും ചപ്പുചവറുകളും ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാൻ ശ്രദ്ധിക്കണം. കന്നുകാലി തൊഴുത്തുകൾ വീട്ടിൽ നിന്നും നിശ്ചിത അകലത്തിൽ നിർമ്മിക്കണം. പൊതുടാപ്പുകൾ, കിണറുകളുടെ പരിസരം എന്നിവ വൃത്തിയായി സൂക്ഷിക്കണം.

●●●

വൈറസ്, ബാക്ടീരിയകൾ, പരാഗജീവികൾ (അമീബ, ഗിയാർഡിയ) തുടങ്ങിയ ജൈവാണുക്കൾ കുടിവെള്ളം, ആഹാരം എന്നിവയിലൂടെ ശരീരത്തിലെത്തിയാണ് വയറിളക്കം ഉണ്ടാകുന്നത്. ഏതു വയറിളക്കവും അപകടകാരിയാകാം. രോഗത്തിന്റെ ആരംഭത്തിൽ തന്നെ പാനീയ ചികിത്സ തുടങ്ങണം. ശരീരത്തിൽ നിന്ന് പത്ത് ശതമാനത്തിൽ കൂടുതൽ ജലാംശം നഷ്ടപ്പെട്ടാൽ അത് നിർജ്ജലീകരണത്തിന് കാരണമാകും. യഥാസമയം ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ മരണം വരെ സംഭവിക്കാം.

ഒ.ആർ.എസ്. മിശ്രിതമോ ഉപ്പിട്ട കഞ്ഞിവെള്ളം, മോരിൻവെള്ളം, ഉപ്പും പഞ്ചസാരയും ചേർത്ത നാരങ്ങാ വെള്ളം എന്നിവയോ രോഗിക്ക് ഇടവിട്ട് നൽകണം. □

*വിവരങ്ങൾക്ക് കടപ്പാട്: ആരോഗ്യവകുപ്പ്*

### പഞ്ചായത്ത് കോ-ഓർഡിനേറ്റർ – ഓണറേറിയം വർധിപ്പിച്ചു

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ യുവശക്തി പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തിലും പ്രവർത്തിക്കുന്ന പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം നിലവിൽ 2,500 രൂപ ആയിരുന്നത് സംസ്ഥാന യുവജനക്ഷേമ ബോർഡ് തീരുമാനപ്രകാരം 2019 ഏപ്രിൽ മുതൽ 3,000 രൂപയായി വർധിപ്പിച്ച് ഉത്തരവായി. ബോർഡ് നടപ്പാക്കുന്ന വിവിധ സർക്കാർ പദ്ധതികൾ ഗ്രാമപഞ്ചായത്ത്തലത്തിൽ യുവജനങ്ങൾക്കിടയിൽ ഏകോപിപ്പിക്കുന്നത് പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരാണ്. □



# കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം പുരസ്കാരങ്ങളുടെ നിറവിൽ

**1980 ൽ റൂറൽ ഡിസ്പെൻസറിയായി ആരംഭിച്ച സ്ഥാപനം പിന്നീട് പ്രാഥമിക ആരോഗ്യ കേന്ദ്രമായും 2017 ഡിസംബർ 9-ന് സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായും ഉയർത്തി.**

ഇന്ത്യയിലെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശമായ കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. 1980 റൂറൽ ഡിസ്പെൻസറിയായി ആരംഭിച്ച സ്ഥാപനം പിന്നീട് പ്രാഥമിക ആരോഗ്യ കേന്ദ്രമായും 2017 ഡിസംബർ 9-ന് സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായും ഉയർത്തി.

2018-ലെ ജില്ലാതല കായകൽപ്പ അവാർഡ്, 2019-ൽ 99 % മാർക്കോടെ NQAS accredition എന്നിവ സ്ഥാപനം സ്വന്തമാക്കി.

### അടിസ്ഥാനസൗകര്യം

കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതോടെ മികച്ച ഭൗതിക സാഹചര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും ഉണ്ടാക്കാൻ സാധിച്ചു. രോഗികൾക്കു വേണ്ട സൗകര്യങ്ങൾ – കാത്തിരിപ്പ് സ്ഥലം, നല്ലയിനം കസേര, ശുദ്ധ ജലം, ടോക്കൻ സംവിധാനം, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയ്‌ലറ്റുകൾ, ഭിന്നശേഷിക്കാർക്ക് പ്രത്യേക ടോയ്‌ലറ്റുകൾ, ലൈബ്രറി, ടെലിവിഷൻ, നിരീക്ഷണമുറി, ശിശു സൗഹൃദ രോഗ പ്രതിരോധ കുത്തിവയ്പ് മുറി, ആധുനിക രീതിയിലുള്ള നിരീക്ഷണ മുറി, ഇന്റർകോം സംവിധാനം എന്നിവ സജ്ജീകരിച്ചു. പാർക്കിംഗ് ഏരിയ, മനോഹരമായ പൂന്തോട്ടം, ഔഷധത്തോട്ടം വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്ക് ദിശ അറിയാൻ മാപ്പും അടയാളങ്ങളും എന്നിവയും ഒരുക്കി. പഴയകെട്ടിടം, ഫർണിച്ചർ എന്നിവ അറ്റകുറ്റപണികളും



പെയിന്റിംഗും നടത്തി നവീകരിച്ചു.



## സേവനങ്ങൾ

ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലഭിക്കുന്ന പതിവ് സേവനങ്ങൾക്ക് പുറമെ പകൽ 9 മുതൽ 6 മണിവരെ ഒ.പി. സൗകര്യവും ആഴ്ചതോറും സ്പെഷ്യൽ ക്ലിനിക്കുകളും – ഗർഭിണികൾക്കുള്ള Antenatal clinic, വയോജന ക്ലിനിക്, പാലിയേറ്റീവ് ക്ലിനിക്, കൗമാര ആരോഗ്യ ക്ലിനിക്, ജീവിത ശൈലീരോഗ നിർണ്ണയ ക്ലിനിക്, ശ്വാസ സംബന്ധമായ അസുഖങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക് (SWAAS Clinic), വിഷാദ രോഗങ്ങൾക്കുള്ള 'ആശ്വാസം' ക്ലിനിക് എന്നിവയും ലഭ്യമാണ്. ആംബുലൻസ്, ഫിസിയോതെറാപ്പി എന്നീ സേവനങ്ങളും ലഭ്യമാണ്. സേവന നിലവാരം ഉയർത്തുന്നതിന് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ട്രെയിനിംഗ് നടത്തി. ലാബ് കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചു. ലാബ് റിപ്പോർട്ടുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സി.എം.സി. വെല്ലൂരുമായി ചേർന്ന് ഗുണമേന്മ ഉറപ്പുവരുത്തൽ സംവിധാനം ഏർപ്പെടുത്തി. എല്ലാ മാസവും 9 -ാം തീയതി ഹോസ്പിറ്റലിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കി.

## മാലിന്യനിർമ്മാർജ്ജനം

ആശുപത്രി മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ IMAGE നെ ഏൽപ്പിക്കുകയാണ് പതിവ്. ലബോറട്ടറിയിലെ ദ്രവമാലിന്യം പ്രത്യേകമായി സംസ്കരിക്കാനുള്ള സംവിധാനം ഉണ്ടാക്കി. മറ്റ് മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തി. ഉറവിടത്തിൽ തന്നെ ജൈവ -അജൈവമാലിന്യങ്ങൾ തരം തിരിക്കുകയും ജൈവമാലിന്യങ്ങൾ കംപോസ്റ്റാക്കി മാറ്റുകയും ചെയ്യുന്നു. അജൈവമാലിന്യങ്ങൾ പഞ്ചായത്ത് ഹരിത കർമ്മസേന വഴി റീസൈക്ലിംഗ് ചെയ്യുന്നു.



## ജൈവ പച്ചക്കറിത്തോട്ടം

കൃഷി വകുപ്പിന്റെ സഹായത്തോടെ ജീവനക്കാരുടെ തന്നെ മേൽ നോട്ടത്തിൽ ഉണ്ടാക്കിയ ജൈവ പച്ചക്കറിത്തോട്ടം ആശുപത്രിയുടെ ഒരു സവിശേഷതയാണ്.

**ആരോഗ്യ കേന്ദ്രം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ, ആശുപത്രി ജീവനക്കാരും പഞ്ചായത്ത് ഭരണസമിതിയും ജനപ്രതിനിധികളും പ്രമുഖ വ്യക്തികളും നല്ലവരായ നാട്ടുകാരും സന്നദ്ധ സംഘടനകളും വിവിധ വകുപ്പുകളും ഒത്തൊരുമിച്ച് നടത്തിയ കൂട്ടായ പ്രവർത്തനം കൊണ്ട് മാത്രമാണ് ഈ വിജയം കരസ്ഥമാക്കൻ കഴിഞ്ഞത്.**

## ഊർജ്ജസംരക്ഷണം

കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം ഊർജ്ജ സംരക്ഷണത്തിന് വലിയ പ്രാധാന്യം ആണ് കൊടുക്കുന്നത്. സൗരോർജ്ജമുപയോഗിച്ചാണ് ആശുപത്രിയുടെ അധികഭാഗവും പ്രവർത്തിക്കുന്നത്. ജലം സംഭരിക്കുന്നതിന് മഴവെള്ള സംഭരണിയും ഉണ്ട്.

## ഹൈടെക് സൗകര്യങ്ങൾ

ആശുപത്രിയിൽ സൗജന്യ വൈഫൈ സൗകര്യവും ലഭ്യമാണെന്നത് ഹോസ്പിറ്റലിന്റെ ഒരു സവിശേഷതയാണ്. ആരോഗ്യ കേന്ദ്രം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ, ആശുപത്രി ജീവനക്കാരും പഞ്ചായത്ത് ഭരണസമിതിയും ജനപ്രതിനിധികളും പ്രമുഖ വ്യക്തികളും നല്ലവരായ നാട്ടുകാരും സന്നദ്ധ സംഘടനകളും വിവിധ വകുപ്പുകളും ഒത്തൊരുമിച്ച് നടത്തിയ കൂട്ടായ പ്രവർത്തനം കൊണ്ട് മാത്രമാണ് ഈ വിജയം കരസ്ഥമാക്കാൻ കഴിഞ്ഞത്.

*വിവരങ്ങൾക്ക് കടപ്പാട്: പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്*

# കില ന്യൂസ്




*സാമൂഹ്യനീതിക്കും ലിംഗസമത്വത്തിനും വേണ്ടിയുള്ള പ്രാദേശിക സർക്കാരുകളെ സംബന്ധിച്ച ദേശീയ ശില്പശാലയിൽ മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തുന്നു.*

## സാമൂഹ്യനീതിയും ലിംഗസമത്വവും: കിലയിൽ ദ്വിദിന ദേശീയ ശില്പശാല

സാമൂഹ്യനീതിക്കും ലിംഗസമത്വത്തിനും വേണ്ടിയുള്ള പ്രാദേശികസർക്കാരുകളെ സംബന്ധിച്ച ദ്വിദിന ദേശീയ ശില്പശാല കിലയിൽ സംഘടിപ്പിച്ചു. മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യപ്രഭാഷകനായിരുന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. സാമൂഹ്യനീതിയും ലിംഗസമത്വവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തി വരുന്ന മാതൃകാപ്രവർത്തനങ്ങളുടെ അനുഭവങ്ങൾ ശില്പശാല പങ്കുവച്ചു. ഇതര സംസ്ഥാനങ്ങളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ മികവു പുലർത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ കില മുൻകൈയെടുക്കും. സ്ത്രീ-ബാല-വയോജന-ഭിന്നശേഷി സൗഹൃദ പ്രാദേശികഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു. പ്രാദേശിക ഭരണസംവിധാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടപെടലുകളെ സംബന്ധിച്ചും ചർച്ചകളുണ്ടായി.

ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നല്കുന്ന വിവിധ സംസ്ഥാനങ്ങളിലെ പരിശീലനസ്ഥാപനങ്ങളിലെ ഫാക്കൽറ്റി മെമ്പർമാർ, സംസ്ഥാനതല ഉദ്യോഗസ്ഥർ, സാമൂഹ്യനീതിയും ലിംഗസമത്വവുമായി ബന്ധപ്പെട്ട മാതൃകാപ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സംസ്ഥാനത്ത് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്. 20 സംസ്ഥാനങ്ങളിൽനിന്ന് 70ൽ പരം പ്രതിനിധികൾ സംബന്ധിച്ചു.

## ലക്ഷദ്വീപിലെ ജില്ലാപഞ്ചായത്ത് അംഗങ്ങൾക്ക് പരിശീലനം

ലക്ഷദ്വീപിലെ ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ ഒരാഴ്ചത്തെ പരിശീലനം സംഘടിപ്പിച്ചു. ലക്ഷദ്വീപ് ജില്ലാപ്രസിഡന്റ് കം കൗൺസിലർ ബി. ഹസ്സൻ മുഖ്യപ്രഭാഷണം നടത്തി. പൊതുഭരണം, സദ്ഭരണം, പ്രാദേശികാസൂത്രണം, അനുബന്ധസ്ഥാപനങ്ങൾ, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, ഗ്രാമസഭ എന്നിവയെക്കുറിച്ച് വീഡിയോ പ്രദർശനത്തിനു പുറമെ പ്രമുഖർ നേതൃത്വം നല്കിയ വിവിധ ക്ലാസ്സുകളുമുണ്ടായിരുന്നു.

ഗ്രാമപഞ്ചായത്ത് വികസനപദ്ധതി, പ്രാദേശിക സർക്കാരുകളിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ, സുസ്ഥിര വികസന ലക്ഷ്യങ്ങളും പ്രാദേശിക സർക്കാരുകളും, ജില്ലാപദ്ധതി, വികസന മിഷനുകൾ, ജെൻഡർ, ശിശുസൗഹൃദ തദ്ദേശഭരണം, ജില്ലാപഞ്ചായത്തുകളുടെ പ്രാധാന്യം എന്നീ വിഷയങ്ങളിലായിരുന്നു പ്രധാനപ്പെട്ട ക്ലാസ്സുകൾ. ആളൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലാപഞ്ചായത്ത്, ദേവികുളം ബ്ലോക്ക് പഞ്ചായത്ത്, മൂന്നാർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ സംഘം ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും വികസനപ്രവർത്തനങ്ങൾ ചർച്ച ചെയ്തു. സ്ത്രീകളുൾപ്പെടെ 35 പേരാണ് സംഘത്തിലുള്ളത്.

## ജലരക്ഷ-ജീവരക്ഷ: ബ്ലൂ ആർമി വോളണ്ടിയർമാർക്കു പരിശീലനം തുടങ്ങി

ജലരക്ഷ-ജീവരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജില്ലയിലെ ബ്ലൂ ആർമി വോളണ്ടിയർമാർക്കു കിലയിൽ മൂന്നു ബാച്ചുകളിലായി പരിശീലനം തുടങ്ങി. വിദ്യാർത്ഥികളുടെ പങ്കാ



*ബ്ലൂ ആർമി- വോളണ്ടിയർമാർക്കുള്ള പരിശീലനപരിപാടി ജില്ലാ കലക്ടർ ടി.വി.അനുപമ ഐ.എ.എസ്. ഉദ്ഘാടനം ചെയ്യുന്നു.*

ളിത്തം ജലസംരക്ഷണ പ്രക്രിയയിൽ ഉറപ്പുവരുത്തുകയാണ് ബ്ലൂ ആർമി രൂപീകരണത്തിന്റെ ലക്ഷ്യം. കിലയും തൃശ്ശൂർ ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ ബ്ലൂ ആർമി വോളണ്ടിയർമാർ, ബ്ലോക്ക് റിസോഴ്സ് പരിശീലകർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ തുടങ്ങിയവർ പങ്കെടുത്തു.



*കസാഖിസ്ഥാൻ പ്രതിനിധികളുമായി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആശയവിനിമയം നടത്തുന്നു*

സമഗ്ര ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയിൽ കാർഷികാവശ്യത്തിനും കുടിവെള്ളത്തിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ സംയോജിത പ്രോജക്ടാണ് ജലരക്ഷ-ജീവരക്ഷ.

## കസാഖിസ്ഥാൻ ഉദ്യോഗസ്ഥസംഘം കിലയിൽ

കേരളത്തിലെ പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ചും ശിശുസൗഹൃദ പ്രാദേശിക ഭരണത്തെക്കുറിച്ചും പഠിക്കുന്നതിനായി കസാഖിസ്ഥാനിൽ നിന്നുള്ള അഞ്ചംഗ ഉദ്യോഗസ്ഥസംഘവും യുണിസെഫ് പ്രതിനിധികളും കിലയിലെത്തി. കാര്യശേഷി വികസനം, കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷയ്ക്കായുള്ള ജാഗ്രതാസമിതികൾ, കുട്ടികളുടെ ബാലസഭ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചറിയാനും സംഘാംഗങ്ങൾ താല്പര്യം പ്രകടിപ്പിച്ചു.

കസാഖിസ്ഥാൻ സർക്കാരിന്റെ പ്രാദേശിക ഭരണവിഭാഗം മേധാവി, ഗവേഷണവിഭാഗം കൺസൾട്ടന്റ്, ശിശു അവകാശ സംരക്ഷണ സമിതിയുടെ മുഖ്യ വിദഗ്ധൻ, സുസ്ഥിരവികസനലക്ഷ്യം വിഭാഗം വിദഗ്ധൻ, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി എന്നിവർക്ക് പുറമെ യൂണിസെഫിന്റെ പ്രോഗ്രാം ഓഫീസറും ഇന്റർ നാഷ്ണൽ കൺസൾട്ടന്റും സംഘത്തോടൊപ്പമുണ്ടായിരുന്നു.

## കുടുംബശ്രീയുടെ പങ്കാളിത്ത സംയോജിത പദ്ധതി ആസൂത്രണത്തിനു ശില്പശാല

കുടുംബശ്രീക്കായി നീക്കിവയ്ക്കുന്ന പദ്ധതി വിഹിതം 500 കോടിയായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയുള്ള പങ്കാളിത്ത സംയോജിത പദ്ധതി ആസൂത്രണ ശില്പശാല കിലയിൽ സംഘടിപ്പിച്ചു. കുടുംബശ്രീയുടെ പദ്ധതി രൂപീകരണ പ്രക്രിയ അയൽക്കൂട്ടം മുതൽ സംസ്ഥാന മിഷൻ വരെ പങ്കാളിത്ത സ്വഭാവത്തിലാക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം.

സംസ്ഥാനത്തുള്ള 2.88 ലക്ഷം അയൽക്കൂട്ട പ്ലാനുകളെ എ.ഡി.എസ് പ്ലാനുകളായും എ.ഡി.എസ്. പ്ലാനുകളെ സി.ഡി.എസ് പ്ലാനുകളായും സി.ഡി.എസ് പ്ലാനുകളെ ബ്ലോക്ക് പ്ലാനുകളായും ബ്ലോക്ക് പ്ലാനുകളെ ജില്ലാപ്ലാനുകളായും ജില്ലാ പ്ലാനുകളെ സംസ്ഥാന പ്ലാനിലേക്കും ഉൾച്ചേർക്കും. അയൽക്കൂട്ട തല സൂക്ഷ്മ പ്ലാനുകൾ സാമൂഹ്യവികസന പ്ലാൻ,



*പങ്കാളിത്ത സംയോജിത പദ്ധതി ആസൂത്രണ ശില്പശാല*

അടിസ്ഥാനവികസന പ്ലാൻ, ജെൻഡർ പ്ലാൻ, സാമൂഹ്യ ഉൾച്ചേർക്കൽ പ്ലാൻ, മൈക്രോ ക്രെഡിറ്റ് പ്ലാൻ, വിഭവമാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ തുടങ്ങിയവയാണ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ. ഇതിനായി കിലയുമായി സഹകരിച്ച് കൃത്യവും ലളിതവുമായ നടപടിക്രമങ്ങൾ തയ്യാറാക്കും. സർക്കാർ തലത്തിൽ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സി.ഡി.എസ് ഭാരവാഹികൾ എന്നിവർക്കു കാര്യശേഷി വികസന പരിശീലനവും സംഘടിപ്പിക്കും. ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർമാർ, കുടുംബശ്രീ മിഷൻ ഭാരവാഹികൾ തുടങ്ങിയവരാണ് സംസ്ഥാനതല ശില്പശാലയിൽ പങ്കെടുത്തത്.

## കേരളത്തിന്റെ വികസനം പഠിക്കാൻ ഉത്തർപ്രദേശ് എം.എൽ.എ മാർ കിലയിൽ

കേരളത്തിന്റെ വികസനകാര്യങ്ങളെക്കുറിച്ച് പഠിക്കാൻ ഉത്തർപ്രദേശിൽനിന്നുള്ള നിയമസഭാംഗങ്ങളുടെ സംഘം കിലയിലെത്തി. സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായുള്ള നിയമസഭാസമിതി ചെയർപേഴ്സൺ ഡോ. സംഗീത ബൽവന്തിയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ 18 എം.എൽ.എമാരുണ്ട്. കേരളത്തിലെ ജനകീയാസൂത്രണം, ബാലസൗഹൃദ തദ്ദേശഭരണം, കുട്ടികളുടെയും സ്ത്രീകളുടെയും വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്, കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം എന്നീ വിഷയങ്ങളെക്കുറിച്ച് ഇവർക്കു പരിശീലനം നല്കി. യു.പി. നിയമസഭാ സെക്രട്ടേറിയറ്റിലെയും യൂണിസെഫ് യു.പി. ഘടകത്തിലെയും ഉദ്യോഗസ്ഥരും എം.എൽ.എമാരോടൊപ്പമുണ്ടായിരുന്നു.

# വാർത്തകൾ വിശേഷങ്ങൾ

## സേവനങ്ങൾക്കുള്ള അപേക്ഷാഫോറം- നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾക്കുള്ള അപേക്ഷഫോറങ്ങൾ ക്രമപ്രകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചു.
(സർക്കുലർ നം . D3-29646/ 17, തീയതി 23.07.2019)

## എംജിഎൻആർഇജിഎസ് കരാർ ജീവനക്കാരുടെ വേതനനിരക്ക പരിഷ്കരിച്ചു

എം ജി എൻ ആർ ഇ ജി എസ് പദ്ധതിയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്ക് പരിഷ്കരിച്ച് ഉത്തരവായി.
(സ ഉ (സാധാ) നം. 1552/2019/തസ്വഭവ, തീയതി 23.07.2019)

## പെൻഡിങ് ഫയലുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

പഞ്ചായത്തുവകുപ്പിലെ ഓഫീസുകളിലും ഗ്രാമപഞ്ചായത്തുകളിലും തീർപ്പാകാതെ കെട്ടികിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും ചുമതലക്കാരെ നിയോഗിച്ചുകൊണ്ടും പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
(സർക്കുലർ നം. PAN/22510/2018-D5(DP), തീയതി 28.07.2019)

## ലൈഫ് - രണ്ടാംഗഡു വിതരണം നിബന്ധനകൾ പുറപ്പെടുവിച്ചു

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നിർമ്മിച്ചിട്ടുള്ള ഭവനങ്ങളിൽ 600 ച. അടി വരെ തറവിസ്തീർണ്ണത്തിൽ പണി പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് അവസാനഗഡു ധനസഹായം നൽകാവുന്നതാണെന്നും 600 ച. അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അവസാനഗഡു നൽകേണ്ടതില്ലെന്നും നിർദ്ദേശം പുറപ്പെടുവിച്ചു.
(സർക്കുലർ നം. 235/ഡി ബി 2/ 19/ തസ്വഭവ, തീയതി 16.07.2019)

## അനധികൃതബോർഡുകൾ - അധിക മാർഗ്ഗനിർദ്ദേശങ്ങൾ

അനധികൃതബോർഡുകൾ/ബാനറുകൾ/ ഹോർഡിങ്ങുകൾ തുടങ്ങിയവ നീക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
(സർക്കുലർ നം. ആർ സി 2/ 41/ 2018/ തസ്വഭവ, തീയതി 20.07.2019)

## ദുരിതാശ്വാസ നടപടികൾ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

സംസ്ഥാനത്ത് കാലവർഷക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു ഉത്തരവായി
(സ ഉ (സാധാ) നം. 1735/2019/തസ്വഭവ, തീയതി. 09.08.2019)
2019 ആഗസ്റ്റ് 10,11,12 തീയതികളിലെ ഇവിഎ 4/294/2019/ തസ്വഭവ നമ്പർ സർക്കുലറുകൾ

## സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നിബന്ധനകളിൽ മാറ്റം

സ്ഥലപരിമിതിയുള്ളതും അടിസ്ഥാനസൗകര്യ വികസനം ആവശ്യമായതുമായ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയോ മറ്റ് ഏതെങ്കിലും ഏജൻസികൾ മുഖേനയോ ലഭിക്കുന്ന ഫണ്ടോ ഉപയോഗിച്ച് സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ടി വരുമ്പോൾ കാലപ്പഴക്കം പരിഗണിക്കാതെ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവായി.
(സ ഉ (എം എസ്) നം. 104/2019/തസ്വഭവ, തീയതി 08.08.2019)

## ഭൂരഹിത ഭവനരഹിതർ - അർഹതാപരിശോധന - മാർഗ്ഗരേഖ പുറപ്പെടുവിച്ചു

സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുമായി ബന്ധപ്പെട്ട് അർഹരായ ഭൂരഹിത ഭവനരഹിതരെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവായി.
(ജി ഒ (എം എസ്) നം. 92/2019/LSGD, തീയതി 16.07.2019)

## വൺ ആന്റ് സെയിം സർട്ടിഫിക്കറ്റിന് ആജീവനാന്ത കാലാവധി

വില്ലേജ്, താലൂക്ക് ഓഫീസുകളിൽ നിന്ന് നൽകുന്ന വൺ ആന്റ് സെയിം സർട്ടിഫിക്കറ്റിന്റെ കാലാവധി ആജീവനാന്തമായി നിശ്ചയിച്ച് ഉത്തരവായി. വിശദമായതും കർശനമായതുമായ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് അനുവദിക്കാവൂവെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നു. ഓരോ തവണയും പ്രത്യേക ആവശ്യത്തിനായി വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷിക്കുന്നത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന നിവേദനത്തെ തുടർന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**




# കൊടുമൺ

# പ്രകൃതിസൗഹൃദ ജീവനത്തിന് ഉദാത്ത മാതൃക

■ സൈമ എസ്.

**കൊടുമൺ എന്നാൽ സ്വർണ്ണഭൂമി എന്നർത്ഥം. സ്ഥലനാമം പോലെ തന്നെ ഇവിടെ വിളയുന്നത് പൊൻകതിരുകളാണ്. മൺ വയലുകളാലും പഴവർഗ്ഗ, പച്ചക്കറി കൃഷിയാലും സമ്പന്നമായ കൊച്ചു ഗ്രാമം.**

പത്തനംതിട്ട ജില്ലയിൽ പറക്കോട് ബ്ലോക്കിലാണ് കൊടുമൺ ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. കൊടുമൺ എന്നാൽ സ്വർണ്ണഭൂമി എന്നർത്ഥം. സ്ഥലനാമം പോലെ തന്നെ ഇവിടെ വിളയുന്നത് പൊൻകതിരുകളാണ്.

മൺ വയലുകളാലും പഴവർഗ്ഗ, പച്ചക്കറി കൃഷിയാലും സമ്പന്നമായ കൊച്ചു ഗ്രാമം. പ്രകൃതി സൗഹൃദജീവനത്തിന് ഉദാത്ത മാതൃക തീർക്കുന്ന ഒട്ടനവധി പദ്ധതികളാണ് കൊടുമൺ ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്നത്.




## കൊടുമൺ റൈസ്

പഞ്ചായത്തിലെ മുഴുവൻ നിലങ്ങളും കൃഷി യോഗ്യമാക്കാനും കൂടുതൽ കർഷകരെ നെൽകൃഷിയിലേക്ക് ആകർഷിക്കാനും സർവ്വോപരി നല്ല ഭക്ഷണം ജനങ്ങൾക്ക് നല്കുക എന്ന ലക്ഷ്യത്തോടെ ഈ പാടശേഖരങ്ങളിൽ വിളയുന്ന നെല്ല് സംഭരിച്ച് പ്രാദേശിക ബ്രാൻഡായി വിപണിയിൽ എത്തിക്കാനുമുള്ള പഞ്ചായത്തിന്റെ ശ്രമമാണ് 2018-19ൽ നടപ്പാക്കിയ കൊടുമൺ റൈസും ഏക്കോഷോപ്പും എന്ന നൂതന പദ്ധതി.

നെല്ല് സംഭരിക്കുന്നതിനും കൊടുമൺ റൈസ് എന്ന പേരിൽ വിപ ണനം ചെയ്യുന്നതിനുമായി എല്ലാ പാടശേഖരങ്ങളെയും ഉൾപ്പെടുത്തി കൊടുമൺ ഫാർമേഴ്സ് സൊസൈറ്റി രൂപീകരിച്ചു. സൊസൈറ്റിയുടെ നേതൃത്വത്തിലാണ് നെല്ല് സംഭരണം പൂർത്തിയാക്കിയത്. സംഭരണ വിലയായി 25 ലക്ഷം രൂപ ആവശ്യമായതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 15 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 10 ലക്ഷം രൂപയും സംസ്കരണത്തിനും എക്കോ ഷോപ്പിനുമായി പഞ്ചായത്ത് വിഹിതമായി 6 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തി.

ഗുണമേന്മ ഉറപ്പാക്കി സംഭരിച്ച 100 മെടിക് ടൺ നെല്ലിൽ 40 മെടിക് ടൺ നാളിതുവരെ സംസ്കരിച്ച് വിപണനം ചെയ്തു വരുന്നു. മാത്രമല്ല, പ്രാദേശിക കാർഷിക ഉല്പന്നങ്ങൾ വില്ക്കുന്നതിനായി കൊടുമൺ പഞ്ചായത്തിന്റെ മുഖ്യവ്യാപാര പ്രദേശത്ത് ഒരു ഇക്കോഷോപ്പ് തുടങ്ങിയത് ഈ പദ്ധതിയുടെ വിജയത്തിനു സഹായിച്ചു. അരിയുടെ ഉപ ഉല്പന്നങ്ങളായ തവിട്, ഉമിക്കരി, തവിട് കൊണ്ടുള്ള കേക്ക്, പൊടിയരി, കറുത്ത ഉമി, ഔഷധക്കൂട്ട്, കഞ്ഞിക്കൂട്ട് എന്നിങ്ങനെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളും ഇവിടെ ലഭിക്കും.

**പ്രാദേശിക കാർഷിക ഉല്പന്നങ്ങൾ വില്ക്കുന്നതിനായി കൊടുമൺ പഞ്ചായത്തിന്റെ മുഖ്യവ്യാപാര പ്രദേശത്ത് ഒരു ഇക്കോഷോപ്പ് തുടങ്ങിയത് ഈ പദ്ധതിയുടെ വിജയത്തിനു സഹായിച്ചു. അരിയുടെ ഉപ ഉല്പന്നങ്ങളായ തവിട്, ഉമിക്കരി, തവിട് കൊണ്ടുള്ള കേക്ക്, പൊടിയരി, കറുത്ത ഉമി, ഔഷധക്കൂട്ട് കഞ്ഞിക്കൂട്ട് എന്നിങ്ങനെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളും ഇവിടെ ലഭിക്കും.**

കൃഷിഭവന്റെയും പാടശേഖരങ്ങളുടെയും സഹകരണത്തോടെ നെൽകൃഷി മേഖലയ്ക്ക് കരുത്തേകാൻ 53 ലക്ഷം രൂപയുടെ പദ്ധതിയാണ് 2019-20ൽ നടപ്പാക്കുന്നത്. 250 തരിശ് നിലങ്ങൾ ഉള്ള ഈ പഞ്ചായത്തിനെ തരിശ് രഹിതമാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മുണ്ടുക്കോണം, കോയിക്കൽപ്പടി, തേവന്നൂർ, ചേനങ്കര, മംഗലത്ത് എന്നീ പാടശേഖരങ്ങളുടെ നേതൃത്വത്തിൽ 258 ഏക്കർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി. സൗജന്യമായി നെൽവിത്തും സബ്സിഡി നിരക്കിൽ ജൈവവളവും കൂലിച്ചെലവും നല്കാൻ സാധിച്ചത് കൃഷി ചെലവ് കുറയ്ക്കാൻ സഹായകമായി.

## ഹരിതസൗഹൃദം

പഞ്ചായത്ത് ഓഫീസും വിട്ടുകിട്ടിയ സ്ഥാപനങ്ങളും പൂർണ്ണമായി ഹരിത നിയമാവലി പാലിച്ചാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ 18 വാർഡുകളിലായി 20 സെന്റ് മുതൽ 1 ഏക്കർ സ്ഥലം വരെ കണ്ടെത്തി പച്ചത്തുരുത്ത് പദ്ധതിയും 70 സെന്റ് സ്ഥലത്ത് ഔഷധസസ്യകൃഷിയും നടത്തുന്നു. പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള ഐറ്റിസി ഹരിതവിദ്യാലയമായി പ്രവർത്തിക്കുന്നു. ഇവിടെ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന



പേന വരെ ഹരിതസൗഹൃദമാണ്. 14-ാം വാർഡ് ഹരിതവാർഡായി പ്രഖ്യാപിച്ച് പച്ചക്കറി കൃഷിയും വാഴകൃഷിയും നടത്തുന്നു. വാഴകൃഷിയ്ക്ക് ഇടയിലായി ബന്ദിപ്പൂവ് കൃഷി ചെയ്യുന്നുണ്ട്. വലിയ തോതിൽ ബന്ദിപ്പൂവ് വില്ക്കാൻ സാധിക്കുന്നതു കൂടാതെ ബന്ദിപ്പൂവ് കൃഷി ചെയ്യുന്നതുമൂലം വാഴകൃഷിക്ക് കീടങ്ങളുടെ ശല്യം ഉണ്ടാകുന്നില്ലെന്നും പ്രസിഡന്റ് കുഞ്ഞന്നാമ്മ കുഞ്ഞ് സാക്ഷ്യപ്പെടുത്തുന്നു.

പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കാൻ 36 കുളങ്ങൾ കുഴിക്കുകയും തോടുകൾ വൃത്തിയാക്കി ആഴം കൂട്ടി നിരൊഴുക്ക് സുഗമമാക്കുകയും ചെയ്തു. ഇതോടൊപ്പം മഴക്കുഴികൾ കുഴിക്കുകയും കിണർ റീചാർജിംഗ് നടത്തുകയും ചെയ്തു. മണ്ണ് മൂടി കിടന്ന ഏകദേശം 4 ഏക്കറോളം വരുന്ന മുല്ലോട്ട് ഡാം പുനരുദ്ധരിച്ച് മനോഹരമായ ശുദ്ധജലസംഭരണിയാക്കി മാറ്റി.



### ഹരിതകർമ്മസേന

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 36 ഹരിത കർമ്മസേനകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് എംസിഎഫുകളിൽ സംഭരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. ഇവ ഷ്രഡ്ഡിംഗ് യൂണിറ്റിൽ പൊടിച്ച് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നു. വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റുകളും കമ്പോസ്റ്റ് പിറ്റുകളും സ്ഥാപിച്ച് ജൈവ മാലിന്യം ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നു. അങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന വളം കൃഷിക്ക് ഉപയോഗിക്കുന്നു.

പഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചു. പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്കെല്ലാം നെടുനായകത്വം വഹിക്കുന്നത് പ്രസിഡന്റ് കുഞ്ഞന്നാമ്മ കുഞ്ഞാണ്. ജനജീവിതത്തിന്റെ എല്ലാ തലങ്ങളിലും സ്വയംപര്യാപ്തത നേടിയെടുക്കുന്നതിന് ഭരണ സമിതിയും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള ജീവനക്കാരും ഗ്രാമവാസികളും പ്രതിജ്ഞാബദ്ധമാണെന്ന് പ്രസിഡന്റ് പറഞ്ഞു. □

*(ലേഖിക പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.)*

## വെളിയിട വിസർജനമുക്ത പദ്ധതിയിൽ ശുചിമുറി കിട്ടാത്തവർക്കായി പ്രത്യേക യജ്ഞം:

കേന്ദ്രസർക്കാരിന്റെ സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായുള്ള വെളിയിട വിസർജനമുക്ത പദ്ധതിയിൽ ശുചിമുറി നിർമ്മിക്കുന്നതിന് മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത ഉണ്ടായിരുന്നിട്ടും ഒഴിവായി പോയവർക്ക് ശുചിമുറി നൽകുന്നതിന് പ്രത്യേക യജ്ഞം നടത്തുന്നു. ബി.പി.എൽ കുടുംബങ്ങൾക്ക് മാത്രമാകും യജ്ഞത്തിന്റെ ഭാഗമായി ആനുകൂല്യം ലഭ്യമാകുക. യോഗ്യതയുള്ളവർ അപേക്ഷകൾ ആഗസ്റ്റ് 24 വരെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസുകളിൽ നല്കണം. ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ ശുചിമുറി ആവശ്യമുള്ളവരുടെ പട്ടിക ആഗസ്റ്റ് 31 നകം തയ്യാറാക്കണം. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) മാനദണ്ഡങ്ങൾ പാലിച്ചുവേണം പട്ടിക തയ്യാറാക്കേണ്ടത്. ജില്ലകളിൽ നിന്ന് ലഭ്യമാകുന്ന പട്ടിക സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് കേന്ദ്രത്തിന് നൽകണം. പുതുതായി ആനുകൂല്യം നൽകുന്ന ഗുണഭോക്താക്കളുടെ ശൗചാലയങ്ങൾ സെപ്റ്റംബർ 30 നകം നിർബന്ധമായും പൂർത്തിയാക്കി ജിയോടാഗ് ചെയ്യണം. □

## കെപ്കോ പദ്ധതികൾ അപേക്ഷ ക്ഷണിക്കുന്നു

സംസ്ഥാന സർക്കാർ സംരംഭമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികളായ കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, നഗരപ്രിയ പദ്ധതികൾ നടപ്പിലാക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ വിവിധ പഞ്ചായത്ത്/ മുനിസിപാലിറ്റി അധികൃതരിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ അയക്കേണ്ട വിലാസം: കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം.

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ നമ്പർ : 9495000914

മാതൃക



# മാതൃകയായി ക്ലീൻ പുതുപ്പരിയാരം ഗ്രീൻ

■ എം. രാമൻകുട്ടി

**രാത്രികാലങ്ങളിൽ പഞ്ചായത്തിന് പുറത്ത് നിന്ന് പോലും മാലിന്യങ്ങൾ കൊണ്ടുവന്ന് റോഡരികിൽ തള്ളുമായിരുന്നു. ഇതിനെതിരെ സംഘടിതമായി പ്രതിഷേധിച്ച ജനങ്ങൾ, പഞ്ചായത്ത് നടപ്പിലാക്കുന്ന ഈ സമഗ്ര പദ്ധതിക്ക് പിന്നിൽ ഒറ്റക്കെട്ടായി ഉറച്ച് നിൽക്കുകയാണ്.**

പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ "ക്ലീൻ പുതുപ്പരിയാരം ഗ്രീൻ പുതുപ്പരിയാരം" പദ്ധതി ശ്രദ്ധേയമാവുകയാണ്. പഞ്ചായത്ത് നടപ്പിലാക്കി വരുന്ന വിവിധങ്ങളായ ശുചിത്വ, മാലിന്യ സംസ്കരണ പദ്ധതികൾ സംയോജിപ്പിച്ച് രൂപം കൊടുത്ത ഈ പദ്ധതി അതിന്റെ ജനപങ്കാളിത്തം കൊണ്ടും സമഗ്രസമീപനം കൊണ്ടും വേറിട്ടു നിൽക്കുന്നു. ഹരിത കേരള ദൗത്യത്തിന്റെ ഭാഗമായി നടത്തി വരുന്ന പ്ലാസ്റ്റിക് നിയന്ത്രണം അടക്കമുള്ള പ്രവർത്തനങ്ങൾക്കൊപ്പം "പച്ചത്തുരുത്ത്" പോലുള്ള പുതിയ പദ്ധതികൾകൂടി ഉൾപ്പെടുത്തി ഇക്കഴിഞ്ഞ പരിസ്ഥിതി ദിനത്തിലാണ് ഈ സമഗ്ര ജനകീയ പദ്ധതിക്ക് രൂപം നൽകിയത്.

ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 5 ന് നടത്തിയ പരിസ്ഥിതി സൗഹൃദ പൊതുയോഗത്തിൽ നിന്നാണ് ഈ പദ്ധതിയുടെ



തുടക്കമെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.ആർ. പ്രസാദ് പറയുന്നു. രാത്രികാലങ്ങളിൽ പഞ്ചായത്തിന് പുറത്ത് നിന്ന് പോലും മാലിന്യങ്ങൾ കൊണ്ടുവന്ന് റോഡരികിൽ തള്ളുമായിരുന്നു. ഇതിനെതിരെ സംഘടിതമായി പ്രതിഷേധിച്ച ജനങ്ങൾ, പഞ്ചായത്ത് നടപ്പിലാക്കുന്ന ഈ സമഗ്ര പദ്ധതിക്ക് പിന്നിൽ ഒറ്റക്കെട്ടായി ഉറച്ചു നിൽക്കുകയാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന "പൂവനം പൂങ്കാവനം" പദ്ധതിയിലൂടെ പഞ്ചായത്തിലെ മുഴുവൻ തരിശ് ഭൂമിയും പച്ചത്തുരുത്തുകളും പൂങ്കാവനങ്ങളുമാക്കി മാറ്റും. പരിസ്ഥിതി രംഗത്തെ വനിതാ മുന്നേറ്റത്തിലൂടെ പുതുപ്പരിയാരം പഞ്ചായത്തിനെ പരിസ്ഥിതി സൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിനുള്ള ശ്രമമാണ് കുടുംബശ്രീയുടെ "വീടിനൊരു മരം - നാടിനൊരു വരം" പദ്ധതിയിലൂടെ നടത്തി വരുന്നത്. അതോടൊപ്പം ആകർഷകമായ ഓഫീസ് പരിസരം, ഖരമാലിന്യ സംസ്കരണ പ്ലാന്റ്, കമ്മ്യൂണിറ്റി ഹാൾ, സാംസ്കാരിക നിലയം തുടങ്ങിയവയും പഞ്ചായത്ത് ലക്ഷ്യമിടുന്നു.

2010 - ൽ ആരംഭിച്ച ഖരമാലിന്യ പ്ലാന്റ് മലമ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടുകൂടി നവീകരിച്ച് പ്രവർത്തനം തുടങ്ങി. 2016ൽ തുടങ്ങിയ നവീകരണ പ്രവൃത്തി ഘട്ടം ഘട്ടമായിട്ടാണ് പൂർത്തിയാക്കിയത്. ജൂൺ 26 ന് പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ശാന്തകുമാരി നവീകൃത പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഹരിതകർമ്മസേനാ പ്രവർത്തകർ വീടുകൾതോറും കയറിയിറങ്ങി ശേഖരിക്കുന്ന അജൈവ - ജൈവ മാലിന്യങ്ങൾ പ്ലാന്റിലെത്തിച്ച് തരം തിരിച്ച്, ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റുന്നു. ഈ ജൈവ വളം ബ്രാൻഡ് ഉല്പന്നമായി വിറ്റഴിക്കും.

പുതുപ്പരിയാരം പ്ലാന്റിനെ ഒരു മാതൃകാ കേന്ദ്രമാക്കി മാറ്റുമെന്ന് വൈസ് പ്രസിഡന്റ് കെ. ശോഭന പറഞ്ഞു.

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പെല്ലറ്റ് രൂപത്തിലാക്കി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കും. അതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നതായി പ്രസിഡന്റ് കെ.എ. പ്രസന്നകുമാരി അറിയിച്ചു.

ഐ.ആർ.ടി.സി രൂപകല്പന ചെയ്ത ബയോ ബിന്നും ജനങ്ങൾക്ക് നല്കി വരുന്നു. മാലിന്യം വേർതിരിച്ച് സ്വയം കമ്പോസ്റ്റ് ചെയ്യുന്ന രീതി കൂടുതൽ വ്യാപകമാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനവും നടക്കുന്നുണ്ട്. 1,950 രൂപയാണ് ബിന്നിന്റെ വില. "ക്ലീൻ പുതുപ്പരിയാരം ഗ്രീൻ പുതുപ്പരിയാരം" പൂർണ്ണ സജ്ജമാകുന്നതോടെ സമഗ്ര മാലിന്യ പരിപാലനത്തിന്റെ മികച്ച മാതൃകയായി മാറും.

□

*ലേഖകൻ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്*



*ഖരമാലിന്യ സംസ്കരണ പ്ലാന്റ്*

# അഴിയൂരിൽ പിങ്ക് ബോക്സ്



സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയത്തോടെ പരാതികൾ രേഖപ്പെടുത്തുവാനും സ്വകാര്യത ഉറപ്പുവരുത്തി പരിഹരിക്കുന്നതിനും വേണ്ടി കോഴിക്കോട് ജില്ലയിലെ അഴിയൂർ ഗ്രാമപഞ്ചായത്ത് പിങ്ക്ബോക്സ് സ്ഥാപിച്ചു. പഞ്ചായത്ത് ആഫീസിൽ സ്ഥാപിച്ച ബോക്സിൽ പ്രവൃത്തി ദിവസങ്ങളിൽ പരാതികൾ നിക്ഷേപിക്കാവുന്നതാണ്. എല്ലാ മാസവും പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പഞ്ചായത്ത് സെക്രട്ടറി, ഐ. സി. ഡി. എസ്. സൂപ്പർവൈസർ എന്നിവർ അടങ്ങുന്ന കമ്മിറ്റി പരാതികൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കും. വനിതാ കമ്മീഷൻ അംഗം അഡ്വ. എം. എസ് താര, പിങ്ക്ബോക്സ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുധ മാളിയേക്കലിന് നൽകി ഉൽഘാടനം ചെയ്തു. കേരള വനിത കമ്മീഷന്റെ ആഭിമുഖ്യത്തിൽ അഴിയൂർ, ഒഞ്ചിയം, ചോറോട് പഞ്ചായത്തിലെ ജനപ്രതിനിധികൾ, അംഗൻവാടി പ്രവർത്തകർ, വാർഡുതല ജാഗ്രതാ സമിതി അംഗങ്ങൾ എന്നിവർക്കായി ജാഗ്രതാസമിതി എങ്ങനെ കാര്യക്ഷമമാക്കാം എന്ന വിഷയത്തിൽ ക്ലാസെടുത്തു.



മാതൃക

# പ്ലാസ്റ്റിക്കിന് വിട
# പച്ചക്കറികൃഷിക്ക് മൺചട്ടിയുമായി കുട്ടിലങ്ങാടി

■ രംജിത പി.

**പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഗ്രോബാഗുകൾ ഒഴിവാക്കി ഇരുപതിനായിരത്തിലധികം മൺചട്ടികളിൽ പച്ചക്കറികൃഷി ചെയ്ത് മാതൃകയാവുകയാണ് കുട്ടിലങ്ങാടി പഞ്ചായത്ത്.**

മാലിന്യനിർമാർജ്ജനവും പച്ചക്കറിക്യഷിയുംകൈകോർത്ത് കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഗ്രോബാഗുകൾ ഒഴിവാക്കി ഇരുപതിനായിരത്തിലധികം മൺചട്ടികളിൽ പച്ചക്കറികൃഷി ചെയ്ത് മാതൃകയാവുകയാണ് പഞ്ചായത്ത്.

ജൈവമാലിന്യങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനായി കുട്ടിലങ്ങാടി കൃഷിഭവന്റെ നേതൃത്വത്തിലാണ് മൺചട്ടിയിലുള്ള പച്ചക്കറികൃഷി എന്ന പദ്ധതി ആസൂത്രണം ചെയ്തത്. രണ്ടായിരത്തിലധികം വീടുകളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി കുടുംബശ്രീയിൽ അംഗങ്ങളായ വീട്ടമ്മമാർ ഉള്ള വീടുകളിലാണ് പത്ത് മൺ ചട്ടികൾ വീതം വിതരണം ചെയ്യുന്നത്. ഇതിനോടൊപ്പം പത്ത് കിലോ വീതം സമ്പുഷ്ടീകരിച്ച ജൈവ വളവും നൽകുന്നു. ചാണകപ്പൊടി, ആട്ടിൻ കാഷ്ഠം, കോഴിവളം, എല്ല്പൊടി, മീൻവളം, വേപ്പിൻ പിണ്ണാക്ക്, ട്രൈക്കോഡർമ എന്നിവ അടങ്ങിയതാണ് ജൈവവളമിശ്രിതം. ചട്ടികളിൽ നടുന്നതിന് ആവശ്യമായ പച്ചക്കറി തൈകൾ കൂടി വിതരണം ചെയ്യുന്നുണ്ട്.



കാർഷികമേഖലയ്ക്ക് ഊന്നൽനൽകുന്ന കുട്ടിലങ്ങാടി പദ്ധതി വിനിയോഗത്തിലും മുന്നിട്ടു നിൽക്കുന്ന പഞ്ചായത്താണ്. മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി അതിജീവനം പദ്ധതിവഴി വീടുകളിൽനിന്നുള്ള അജൈവമാലിന്യങ്ങൾ കുടുംബശ്രീയുടെ ഹരിതകർമ്മസേന വഴി ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിയും വിജയകരമായി നടന്നുവരുന്നു. □

*ലേഖിക കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ കൃഷിഓഫീസറാണ്*

**അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ –1**



# പടിയിറങ്ങിപ്പോയ പത്തായം

■ മുരളീധരൻ തഴക്കര

**നാളേക്ക് വേണ്ടിയുള്ള കരുതലിനെ ഓർമ്മിപ്പിക്കുന്ന കുടുംബത്തിന്റെ ധാന്യശേഖരം സൂക്ഷിക്കുന്ന ട്രഷറിയായിരുന്നു പത്തായം.**

കരുതലിന്റെയും നാളെയെക്കുറിച്ചുള്ള വീണ്ടുവിചാരത്തിന്റെയും സാക്ഷ്യമാണ് 'പത്തായം'. കൊച്ചുപത്തായം, വലിയപത്തായം, വിത്തുപത്തായം എന്നിങ്ങനെ വലിപ്പമനുസരിച്ച് പത്തായം പലതരത്തിലുണ്ടായിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട് ഏറെ ആവശ്യമുള്ള ഒരു വീട്ടുസാധനമായിരുന്നു പത്തായം. നെൽകൃഷിയുടെ സമൃദ്ധി നിലനിന്ന നാളുകളിൽ പത്തായം പ്രൗഢിയുടെയും സമ്പന്നതയുടെയും സാക്ഷ്യം കൂടിയായിരുന്നു. "എന്റെ പത്തായത്തിൽ നൂറുപറ വിത്ത് കിടപ്പുണ്ടെന്നും ആണ്ടോടാണ്ട് ഉണ്ണുവാൻ നെല്ലുണ്ടെന്നും" അഭിമാനത്തോടെയും തെല്ലഹങ്കാരത്തോടെയും പറഞ്ഞിരുന്ന, കൃഷിയെ ജീവനതുല്യം സ്നേഹിച്ചിരുന്ന കാരണവന്മാരുണ്ടായിരുന്നു. പ്ലാവിന്റെയും ആഞ്ഞിലിയുടെയും (അയണി) തടിയാണ് പത്തായം ഉണ്ടാക്കുന്നതിനായി പ്രധാനമായും ഉപയോഗിച്ചിരുന്നത്.

പത്തായം ധാന്യങ്ങൾ സൂക്ഷിച്ചു വയ്ക്കുവാനുള്ള ഒരു സംഭരണി മാത്രമായിരുന്നില്ല, ഒരു വിവിധോദ്ദേശ വീട്ടുപകരണമായിരുന്നു. പായ് വിരിച്ച് അതിന്മേൽ കിടക്കാമായിരുന്നു. വീട്ടുസാധനങ്ങളെല്ലാം യഥേഷ്ടം സൂക്ഷിച്ചു വെയ്ക്കാനുള്ള ഇടമായിരുന്നു. പണവും വിലപിടിപ്പുള്ള ആഭരണങ്ങളും ഭദ്രമായി സൂക്ഷിച്ചുവെയ്ക്കുവാനുള്ള പഴയകാലത്തെ സേഫായിരുന്നു- ഇങ്ങനെ എന്തെല്ലാം പ്രയോജനങ്ങൾ! നീളം കൂടിയതും വീതി കുറഞ്ഞതുമായ മൂന്നും നാലും അറകളുള്ളതാണ് വലിയ പത്തായം. നല്ല പൊക്കമുള്ള ഒറ്റ അറയോടുകൂടിയ പത്തായ

## ...എന്റെ വായനക്കാർ

### എക്കാലവും സൂക്ഷിക്കാനുള്ള കൈപ്പുസ്തകം

കെട്ടിടനിർമ്മാണം സംബന്ധിച്ച സമഗ്രവിവരങ്ങൾ ഉൾക്കൊള്ളുന്ന ഈടുറ്റതും കഴമ്പുള്ളതുമായ ലേഖനങ്ങൾ ഉൾപ്പെടുത്തി 2019 ജൂലൈ മാസം പ്രസിദ്ധീകരിച്ച പഞ്ചായത്ത് രാജ് മാസിക മികച്ചതായി. സ്ഥലംവാങ്ങി കെട്ടിട നിർമ്മാണം നടത്തുന്നതിന് നിലനിന്നിരുന്ന പല സംശയങ്ങളും ആശങ്കകളും ദൂരീകരിക്കാൻ കഴിഞ്ഞു. നിയമങ്ങളുടെ അറിവില്ലായ്മയാണ് പലപ്പോഴും സാധാരണക്കാരനെ കുഴപ്പത്തിലാക്കുന്നത്. സാധാരണ മേസ്തിരിമാർ മുതൽ ഉയർന്ന ആർക്കിടെക്റ്റുകൾ വരെ ഈ അജ്ഞത മുതലെടുക്കുന്നുണ്ട്. സ്ഥലം വാങ്ങുമ്പോൾ തന്നെ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് വിടേണ്ട ദൂര പരിധിയും നിർമ്മാണ വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്. എക്കാലവും സൂക്ഷിക്കാനുള്ള കൈപ്പുസ്തകമായി മാറി ജൂലൈ ലക്കം എന്നറിയിക്കുവാൻ ആഗ്രഹിക്കുന്നു.

**സജിത, കഴക്കൂട്ടം**

### അഭിമാനമാകുന്ന ഗ്രാമപഞ്ചായത്തുകൾ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഓരോ മലയാളിക്കും അഭിമാനമാകുകയാണ്. 941 ഗ്രാമപഞ്ചായത്തുകളിൽ 550 എണ്ണത്തിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ ലഭിച്ചു എന്ന് ജൂലൈ ലക്കം മാസികയിൽനിന്നും അറിയാൻ കഴിഞ്ഞതിൽ ആത്മാർത്ഥമായി സന്തോഷിക്കുന്നു.

**ബേബി അഗസ്റ്റിൻ, അരൂർ**

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ത്തെ കൊച്ചു പത്തായം എന്നാണ് പറയുന്നതെങ്കിലും കൂടുതൽ ധാന്യങ്ങൾ ശേഖരിച്ചു വെയ്ക്കുവാൻ ഇത് അനുയോജ്യമായിരുന്നു. പഴയ കുടുംബങ്ങളിൽ കൃഷിസ്ഥലത്തിന്റെ വിസ്തൃതിയും സാമ്പത്തിക സ്ഥിതിയുമനുസരിച്ച് പത്തായത്തിന്റെ എണ്ണം കൂടുന്നു.

### പത്തായപ്പുര

പത്തായങ്ങൾ മാത്രം സൂക്ഷിച്ചിരുന്ന മുറികളെ പത്തായപ്പുരകളെന്നാണ് പറഞ്ഞിരുന്നത്. പത്തായത്തിന് മുകളിൽ കിടന്നുറങ്ങുകയും പത്തായത്തിനുള്ളിലിറങ്ങി നെല്ല് വാരിയെടുക്കുകയും ചെയ്ത അനുഭവമുള്ളവർ ഏറെയുണ്ടാകും. കൊച്ചു കുട്ടികളെയാണ് പത്തായം വൃത്തിയാക്കുന്നതിനും പത്തായത്തിനുള്ളിലിറങ്ങി നെല്ലും വിത്തും വാരിയെടുക്കുന്നതിനും നിയോഗിച്ചിരുന്നത്.

"ഇരുമുറി പത്തായത്തിൽ
ഒരു മുറി വിത്തിന് "
"അച്ചൻ പത്തായത്തിലുമില്ല
കിണറ്റിലുമില്ല"
"പത്തായം പെറും ചക്കികുത്തും
അമ്മവെയ്ക്കും, നമ്മുളുണ്ണും"
"വിത്താഴം ചെന്നാലേ
പത്തായം നിറയൂ"
"അത്താഴം കുറച്ച്
പത്തായം നിറയ്ക്കരുത്"

ഇങ്ങനെ പത്തായവുമായി ഇഴചേർന്ന എത്രയെത്ര പഴമൊഴികളാണ് മലയാളിക്ക് ചിരപരിചിതം. അറയും നിരയും പത്തായപ്പുരയും പൂമുഖവും ചാവടിയുമൊക്കെയുണ്ടായിരുന്ന കേരളീയ ഗൃഹനിർമ്മാണ രീതി പാടേ മാറുകയും നെൽകൃഷി നാശോന്മുഖമാകുകയും നെല്പാടങ്ങൾ അന്യമാവുകയും ചെയ്തപ്പോൾ പത്തായങ്ങൾ പടിയിറങ്ങി എന്നതാണ് സത്യം. യാതൊരു ഉപയോഗവുമില്ലാതെ പാറ്റയും പല്ലിയും ചിലന്തിയും സഹവസിക്കുന്ന സ്ഥലം മെനക്കെടുത്തുന്നു നോക്കുകുത്തിയായി മാറിയ പത്തായം അഴിച്ചെടുത്ത് അതിന്റെ തടി മറ്റാവശ്യങ്ങൾക്കായി ഉപയുക്തമാക്കി.

പത്തായങ്ങൾ പടിയിറങ്ങിയാലും "പത്തായം പെറും, ചക്കികുത്തും, അമ്മവെയ്ക്കും, നമ്മളുണ്ണും" എന്ന പഴമൊഴി എക്കാലവും നിലനില്ക്കുക തന്നെ ചെയ്യും. മെയ്യനങ്ങാതെ അതായത് ആയാസം ആവശ്യമായ ശാരീരികാദ്ധ്വാനത്തോട് മുഖം തിരിഞ്ഞുനില്ക്കുന്ന ആധുനിക മലയാളിക്കൊരു അടിക്കുറിപ്പാണീ പഴമൊഴി. തൊഴിലില്ലായ്മ വേതനം നൽകാൻ കോടിക്കണക്കിന് രൂപ ചെലവാക്കുന്ന കേരളത്തിൽ ഏകദേശം ഇരുപത്തിയഞ്ച് ലക്ഷത്തിലേറെ അയൽനാട്ടുകളിൽ നിന്നുള്ള തൊഴിലാളികൾ പണിയെടുത്ത് ജീവിക്കുന്നു എന്നത് ഈ പഴമൊഴിയെ ഏറെ പ്രസക്തമാക്കുന്നു. നിരന്തരം പറഞ്ഞുപറഞ്ഞ് പതം വന്ന ഈ ചൊല്ലിന് കാലോചിതമായ പാഠഭേദം വരുത്തേണ്ടതുണ്ട്. പത്തായം പെറുന്നില്ല ചക്കി കുത്തുന്നില്ല അമ്മ വെയ്ക്കുന്നതും വിളമ്പുന്നതും നമ്മളുണ്ണുന്നതും അയൽനാട്ടിലെ കൃഷിക്കാർ വിളയിച്ചെടുത്ത് ഗുഡ്സ് വാഗണുകളിലെത്തുന്ന അരിയാകുമ്പോൾ നമുക്കെന്തിന് പത്തായം?

നാളേക്ക് വേണ്ടിയുള്ള കരുതലിനെ ഓർമ്മിപ്പിക്കുന്ന കുടുംബത്തിന്റെ ധാന്യശേഖരം സൂക്ഷിക്കുന്ന ട്രഷറിയായിരുന്നു പത്തായം. പക്ഷെ, ഇത്രകണ്ട് പ്രാധാന്യമുണ്ടായിരുന്ന, ഒരു കാലത്ത് കേരളീയ ജീവിതത്തിൽ ഭക്ഷ്യസുരക്ഷയുടെയും ജീവിത ഭദ്രതയുടെയും സമൃദ്ധിയുടെയും അടയാളമായിരുന്ന പത്തായം നേരിട്ടു കാണുവാൻ ഒന്ന് സ്പർശിക്കുവാൻ നമ്മുടെ കുഞ്ഞുങ്ങളിൽ ഏറെപ്പേർക്കും അവസരം കിട്ടാതെ പോയി എന്നതാ ണ് ദുഃഖം.



ഏതെങ്കിലും തറവാട്ടുകളിൽ പത്തായം അവശേഷിക്കുന്നുവെങ്കിൽ അത് നഷ്ടപ്പെടുത്തരുത് എന്ന വിനീതമായ അഭ്യർത്ഥനയാണുള്ളത്. കാരണം ഇങ്ങനെയൊരു വിവിധോദ്ദേശ വീട്ടുപകരണം നമ്മുടെ കുഞ്ഞുങ്ങൾ മുഖദാവിൽ കാണട്ടെ, അതിന്റെ നിർമ്മിതിയിലെ സവിശേഷത അവർ മനസ്സിലാക്കട്ടെ! □




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** August 2019
Annual Subscription ₹120, Published on 20 August 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

ദൈവത്തിന്റെ സ്വന്തം നാടിന്

# നൽകൂ മനുഷ്യസഹായം





**ശ്രീ. പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി

## പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഈ നൂറ്റാണ്ടിൽ കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിക്ഷോഭത്തിൽനിന്നും നമ്മൾ കരകയറിക്കൊണ്ടിരിക്കുകയാണ്. കൂട്ടായ പ്രവർത്തനങ്ങൾക്കൊപ്പം വിവിധയിടങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന സഹായങ്ങളുംകൂടിയാകുമ്പോൾ നമുക്ക് ഈ ദുരന്തത്തെ ഉറപ്പായും മറികടക്കാനാകും.

ഈ ദുരന്തത്തിന്റെ വ്യാപ്തിയും നാശനഷ്ടങ്ങളും സമാനതയില്ലാത്തതാണെന്ന് പറയേണ്ടതില്ലല്ലോ! പ്രാഥമിക വിലയിരുത്തൽ പ്രകാരം **20,000** കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെടുന്നു. അതിന് പുറമെ, കണക്കാക്കുവാൻ ആകാത്തവിധം സാമൂഹിക പ്രത്യാഘാതങ്ങളും ഉണ്ടായിട്ടുണ്ട്.

നമ്മുടെ കൊച്ചു കേരളം നിരവധി തവണ ലോകത്തിന് മാതൃകയായിട്ടുണ്ട്. ഈ ദുരന്തമുഖത്തും നാം നമ്മുടെ നിശ്ചയദാർഢ്യം പ്രകടമാക്കി പുതിയൊരു മാതൃക സൃഷ്ടിക്കുകയാണ്. എങ്കിലും, ദുരിതബാധിതരുടെ പുനരധിവാസവും ദുരന്തമേഖലയുടെ പുനർനിർമ്മാണവും ഒരു ബൃഹത്ത് ദൗത്യമായി തുടരുന്നു.

നിങ്ങളുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ നമുക്ക് കേരളത്തെ വീണ്ടെടുക്കാനാകൂ. നിങ്ങൾ നൽകുന്ന സഹായം, അതെത്രതന്നെ ചെറുതായിരുന്നാലും, ഈ ലക്ഷ്യം കൈവരിക്കുന്നതിൽ വലിയൊരു മുതൽക്കൂട്ടാകും. ആയതിനാൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിങ്ങളാൽ കഴിയുന്ന വിധം സംഭാവനകൾ നൽകി കേരളത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കാളിയാകൂ.

**കൈകോർത്ത് പരിശ്രമിക്കാം. കൈയയച്ച് സഹായിക്കാം.**

**സംഭാവന നൽകാൻ സന്ദർശിക്കൂ:**
**donation.cmdrf.kerala.gov.in**

സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ മേഖലകളിലുള്ള ജീവനക്കാർ, നാനാതുറകളിലുള്ള തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെല്ലാം ഉദാരമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

Maitri.com

Connect with CM fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation Government of Kerala Information & Public Relations Department

Printed & Published by Dr. B.S. Thirumeni IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr. B.S. Thirumeni IAS